# മരിയദൂത്

A Schoenstatt Movement Publication

ഒരു ഷേൺസ്റ്റാട്ട് ത്രൈമാസിക

2016 ഡിസംബർ – 2017 ഫെബ്രുവരി



രക്ഷാധികാരി

**വെ. റവ. ഫാ. ജോയ് മഠത്തുംപിടി ISch**

ചീഫ് എഡിറ്റർ

**ഫാ. ജോൺസൺ പന്തപ്പിള്ളിൽ ISch**

**Mob : 9447824812**

എഡിറ്റർ :

**റവ. ഡോ. ജോയ് പുതുശ്ശേരി ISch**

സർക്കുലേഷൻ മാനേജർ

**ഫാ. ബിനോയ് പാണേൽ ISch**

അസ്സോസിയേറ്റ് എഡിറ്റർ :


**ഫാ. ജോസ് പീറ്റർ അരഞ്ഞാണിയിൽISch**

കോ-ഓർഡിനേറ്റേഴ്സ് ടീം :

**ഫാ.തേജസ് പീടികത്തുണ്ടിയിൽ ISch**

**ഫാ. ഷെറിൻ കന്നപ്പിള്ളി ISch**

**ഫാ. ഷാജൻ മാണിക്കത്താൻ ISch**


**Cover Design : Bro. Shelbin**

## താളുകളിലൂടെ....


**എഡിറ്റോറിയൽ** – ഫാ. ജോൺസൺ പന്തപ്പിള്ളിൽ ISch

**ലേഖനങ്ങൾ**

തിരുരാത്രിയുടെ അത്ഭുതം ഷേൺസ്റ്റാട്ടിൽ - റവ. ജോയ് മഠത്തുംപിടി ISch

ഇത്ര ചെറുതാകാൻ എത്ര വളരേണം... - സി. റീത്ത മാരീസ് SH

പുൽക്കൂട്ടിലെ അനുരഞ്ജനം - റവ. ഡോ. മോൺ. ലാസർ കുറ്റിക്കാടൻ

തീർത്ഥാടകമാതാവിന്റെ ജപമാലയജ്ഞം... - സി. ഗ്രെയ്സി

മാപ്പ് - റവ. ഫാ. സ്റ്റാഴ്സൻ കള്ളിക്കാടൻ

സ്വാതന്ത്ര്യത്തിന്റെ വാതിൽ... - ഫാ. ബാബു കളത്തിങ്കൽ ISch

രമ്യതയുടെ പുണ്യദിനം - ഫാ. നൗജിൻ വിതയത്തിൽ

വചനവിചിന്തനം - ഫാ. ജോൺസൺ പന്തപ്പിള്ളിൽ ISch

ഹൃദയമൊഴി - ഡോ. ജോയ് പുതുശ്ശേരി ISch

**കവിത**

തേങ്ങുന്നവന്റെ തണൽ - റവ. ഫാ. ജോഷി കണ്ണൂക്കാടൻ CMI

നെഞ്ചുംകൂട് - ബ്രദർ റൊണാൾഡ് ജോർജ്ജ് ISch

**ഗാനം**

സ്നേഹമാതാവേ - പറവൂർ ജോൺ

കിലുകിലുമണികൾ - ബ്രദർ ആൾറിൻ ISch

**കൂടാതെ...**

പ്രവാചക ചരിത്രം - ഡോ. ജോയ് പുതുശ്ശേരി ISch

ചിരിക്കാൻ ചിന്തിക്കാൻ - ജെ.കെ.

ബാലദൂത്

അനുഭവസാക്ഷ്യങ്ങൾ

വാർത്താ ജാലകം





# എഡിറ്റോറിയൽ

**കാ**രുണ്യത്തിന്റെ പുൽക്കൂട്ടിൽ ഉണ്ണിപിറക്കുന്നു.....

നിർമ്മലതയുടേയും കരുണയുടെയും നനവാർന്ന ഓർമ്മകളുമായി ക്രിസ്തുമസ് കാലം നമ്മെ തേടി എത്തുകയാണ്.

ക്രിസ്തുമസ് ഗാനങ്ങളും, പുൽക്കൂടും കരോൾ ഗാനങ്ങളും, ക്രിസ്തുമസ് പാപ്പയും, ക്രിസ്തുമസ് കേക്കുമായി ലോകം മുഴുവനും ഈ സുദിനത്തെ വരവേൽക്കുമ്പോൾ കരുണയുടെ ക്രിസ്തു ഉള്ളിൽ പിറക്കുന്ന അനുഭവം സ്വന്തമാക്കാൻ നമുക്ക് പരിശ്രമിക്കാം.


അകലങ്ങളിൽ എവിടെയോ ഇരുന്ന് മനുഷ്യന്റെ ശരിതെറ്റുകൾ സൂക്ഷിച്ചു വിക്ഷിക്കുന്ന, നന്മചെയ്യുന്നവന് അനുഗ്രഹവും, തിന്മചെയ്യുന്നവന് ശിക്ഷയും നൽകുന്ന വിധിയാളാണ് ദൈവമെന്ന പുരാതന സങ്കൽപ്പത്തെ കാരുണ്യത്തിന്റെ പുൽക്കൂട്ടിൽ പിറക്കുന്ന ദിവ്യഉണ്ണിയുടെ പുൽക്കൂട് തിരുത്തിയെഴുതുന്നു. എല്ലാ വേദനകൾക്കും പ്രയാസങ്ങൾക്കും, ആകുലതകൾക്കും പുൽക്കൂട്ടിലെ ഉണ്ണി ഉത്തരമാകുന്നു. കാരണം അവൻ ഇനി മുതൽ നമ്മുടെ കൂടെയുണ്ട് (മത്താ. 1:23). എമ്മാനുവേലായ ദൈവം ആലയങ്ങളിൽ ഒളിഞ്ഞിരിക്കുന്ന ഒരു സങ്കൽപമല്ല അരികിലിരിക്കുന്ന കരുണയുടെ ഒരു യാഥാർത്ഥ്യമാണ്. നമ്മുടെ ജീവിതത്തിന്റെ അരക്ഷിതാവസ്ഥകളുടെയും ഇല്ലായ്മകളുടെയും വേദനയെന്തെന്ന് സ്വന്തം ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ കാരുണ്യമാണ് അവൻ. മനുഷ്യജീവിതത്തിന്റെ തകർച്ചകളിലേക്കും, ഇല്ലായ്മകളിലേക്കുമാണ് മാംസം ധരിച്ച് ഇറങ്ങിവരുന്നതെന്ന് സത്യത്തിൽ സ്നേഹമെന്ന ചാക്രികലേഖനത്തിലൂടെ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ ഓർമിപ്പിക്കുന്നു. കാലിത്താഴുത്തോളം സ്വയം താഴാൻ തയ്യാറായ ദൈവം നിന്റെ തകർച്ചയിൽ പങ്കാളിയാകുന്ന കാരുണ്യമാണെന്ന് ക്രിസ്തുമസ്സ് നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്.

നമുക്ക് തിരിച്ചറിയാം, പുതുരാജാക്കന്മാർ, നസ്രത്തിലെ വിനീത കന്യകയായ പരിശുദ്ധ മറിയം, സാധാരണക്കാരണനായ യൗസേപ്പ്, സ്വന്തമായി യാതൊന്നും അവകാശപ്പെടാനില്ലാത്ത ഇടയന്മാർ എന്നിവരാണ് ക്രിസ്തുമസ് അനുഭവം സ്വന്തമാക്കിയതെന്ന്.

അതുകൊണ്ട് സ്വയം ചെറുതാകുമ്പോൾ തന്നെത്തന്നെ മറന്ന് ചെറിയവരിലേയ്ക്ക് ഇറങ്ങിചെല്ലുമ്പോൾ കാരുണ്യത്തിന്റെ പുൽക്കൂടായ നമ്മുടെ ഹൃദയത്തിൽ ദിവ്യഉണ്ണി വീണ്ടും ജനിക്കുന്നു.

ക്രിസ്തുമസ് പുതുവത്സരാശംസകളോടെ

**പന്തപ്പിള്ളിലച്ചൻ**



ലേഖനം

# "തിരുരാത്രിയുടെ അത്ഭുതം" ഷേൺസ്റ്റാട്ടിൽ




ഷേൺസ്റ്റാട്ട് വൈദീകസമൂഹത്തിന്റെ കേരള പ്രവിശ്യയുടെ റീജിയണൽ സുപ്പീരിയർ

**ഫാ. ജോയ് മടത്തുംപിടി ISch**

**ഷേ**ൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ സ്ഥാപകനായ കെന്റണിക്കച്ചന്റെ പ്രസംഗങ്ങളിലും പഠനങ്ങളിലും ഉടനീളം കാണാവുന്ന ആശയങ്ങളിലൊന്നാണ് ഓരോ വ്യക്തിയുടെ ജീവിതത്തിലും ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ ചരിത്രത്തിലും രക്ഷാകരചരിത്രം ആവർത്തിക്കപ്പെടുന്നു എന്നുള്ളത്. ഈ ആശയത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ ചരിത്രത്തിലും തിരുരാത്രിയുടെ അത്ഭുതം സംഭവിക്കുന്നതായി കെന്റണിക്കച്ചൻ രേഖപ്പെടുത്തുന്നുണ്ട്.

**മരിയൻ പൂന്തോട്ടത്തിന്റെ ഉത്ഭവവും തിരുരാത്രിയുടെ അത്ഭുതവും**

ഷേൺസ്റ്റാട്ടിന്റെ ചരിത്രത്തിൽ വ്യക്തമായ രണ്ട് സംഭവങ്ങളെയാണ് തിരുരാത്രിയുടെ അത്ഭുതമായി വിശേഷിപ്പിക്കുന്നത്. ഏകാധിപതിയും സ്വേച്ഛാധിപതിയുമായ ഹിറ്റ്ലർ ജെർമ്മനിയിൽ അധികാരത്തിൽ വന്നതിനു ശേഷം തന്റെ ആശയങ്ങൾ എതിർക്കുന്നവരെ തുറങ്കലിൽ അടയ്ക്കുകയോ, വധിക്കുകയോ ചെയ്യുന്നത് പതിവായിരുന്നു. ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിലൂടെ ജെർമ്മനി മുഴുവനും കീർത്തികേട്ട ഒത്തിരിയേറെ ജനങ്ങളുടെ ഇടയിൽ സ്വാധീനമുണ്ടായിരുന്ന കെന്റണിക്കച്ചനെ രഹസ്യപോലീസ് നീരിക്ഷിച്ചിരുന്നു. തന്റെ ധ്യാനപ്രസംഗങ്ങളിലും പ്രബോധനങ്ങളിലും ഹിറ്റ്ലറിനെ പ്രത്യക്ഷമായും പരോക്ഷമായും വിമർശിച്ച ഷേൺസ്റ്റാട്ട് സ്ഥാപകനെ അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചതാണ് ആദ്യത്തെ സാഹചര്യം.



അക്കാലത്ത് ക്രിസ്തുമസ്സിന്റെ ഒരുക്കമായി കുട്ടികൾ ഉണ്ണീശോയ്ക്ക് കത്തെഴുതുന്ന ഒരു രീതിയുണ്ടായിരുന്നു. ആ കത്തിൽ ക്രിസ്തുമസ്സിന് എന്ത് സമ്മാനം വേണമെന്ന് ഉണ്ണീശോയെ അറിയിക്കുക പതിവായിരുന്നു. ഈ പതിവനുസരിച്ച് 'മരിയൻ ഗാർഡ്' (Mariengard) എന്ന ഷേൺസ്റ്റാട്ട് സിസ്റ്റർ 1941 ലെ മംഗലവാർത്തകാലത്ത് ഉണ്ണീശോയ്ക്ക് ഒരു കത്തെഴുതി. അതിൽ സമ്മാനമായി സിസ്റ്റർ ആവശ്യപ്പെട്ടത് കെന്റണിക്കച്ചനെ ഹിറ്റ്ലറിന്റെ തടങ്കലിൽനിന്നും മോചിപ്പിച്ച് ക്രിസ്തുമസ്സിന് ഷേൺസ്റ്റാട്ടിലേയ്ക്ക് കൊണ്ടുവരണം എന്നായിരുന്നു.

ജയിലിൽ അടയ്ക്കപ്പെട്ട കെന്റണിക്കച്ചന് ഈ കത്ത് ലഭിക്കുകയും സിസ്റ്റേഴ്സിന്റെ ഡയറക്ടർ എന്ന നിലയിൽ അദ്ദേഹം ഉണ്ണീശോ എഴുതുന്നതുപോലെ ആ കത്തിന് ഒരു മറുപടി എഴുതുകയും ചെയ്തു. ദൈവികപുണ്യങ്ങളായ വിശ്വാസം ശരണം ഉപവി എന്നീ പുണ്യങ്ങളുടെ ചൈതന്യത്തിൽ ജീവിച്ച് "തിരുരാത്രിയുടെ അത്ഭുത"ത്തിനായി സർവ്വേശ്വരനോടും പരി. അമ്മയോടും അപേക്ഷിക്കാനായി ആ കത്തിൽ അദ്ദേഹം ആഹ്വാനം ചെയ്യുന്നു. ഇതി ന്റെ വെളിച്ചത്തിൽ ഷേൺസ്റ്റാട്ടിൽ "Mariengarten" മരിയൻ പൂന്തോട്ടം എന്ന പേരിൽ ഒരു ആത്മീയവഴി തന്നെ രൂപപ്പെടുത്തുന്നുണ്ട്. ഉടനെയല്ലെങ്കിലും 1945 മെയ് 20 ന് കെന്റണിക്കച്ചൻ ഡച്ച് പീഢനക്യാമ്പിലെ സഹനങ്ങളെയും പീഢകളെയും ക്രൂരതകളെയും അതിജീവിച്ച് ഷേൺസ്റ്റാട്ടിലേയ്ക്ക് തിരിച്ചുവന്നു. ആ സാഹചര്യത്തിൽ ഷേൺസ്റ്റാട്ട് മക്കളോട് അദ്ദേഹം പറയുന്നുണ്ട്. **ഇപ്പോൾ ഇവിടെ "തിരുരാത്രി"യുടെ അത്ഭുതം സംഭവിച്ചിരിക്കുന്നുവെന്ന്. കാരണം ദൈവത്തിന്റെ ഇടപെടലുകൾ ഒന്നുകൊണ്ട് മാത്രമാണ് താൻ പീഢന ക്യാമ്പിൽനിന്നും രക്ഷപ്പെട്ടതെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.**

അതിലുപരിയായി **ഷേൺസ്റ്റാട്ട് കുടുംബത്തിന്റെ ജീവിതം ത്യാഗത്തിന്റെയും പ്രാർത്ഥനയുടെയും സഹനത്തിന്റെയും വിശുദ്ധിയുടെയും ഉറവിടവുമായിതീർന്നു എന്നതും ദൈവിക ഇടപെടലിന്റെ "തിരുരാത്രി" യാണെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.**

# സ്നേഹമാതാവെ

പറവൂർ ജോൺ

ചെറുകഥ, കഥ, നാടകരചന എന്നീ മേഖലകളിൽ സജീവമാണ്.

കനിവിന്റെ കനിയാണമ്മ
നിറവിന്റെ നിറകുടമാണമ്മ
ഈശോമിശിഹായെ സ്നേഹിച്ചു ലാളിച്ച
ദൈവമാതാവാണമ്മ - ദൈവമാതാവാണമ്മ (കനിവിന്റെ)
ചോദിച്ചോർക്കെല്ലാം നന്മകൾ നൽകി
സ്നേഹിച്ചു മാറിൽ - അണച്ചിടുമമ്മ
നോവുമാത്മാവിന്റെ രോധനം കേൾക്കുമ്പോൾ
ഓടിയെത്തി - തലോടുമമ്മ
ഓടിയെത്തി - തലോടുമമ്മ (കനിവിന്റെ)
പുത്രന്റെ യാതനകൾ നേരിൽ കണ്ടു
ഉള്ളം പിളർന്ന അമ്മ മനമേ
എനിക്കും നിന്നെപ്പോലൊരു ദുഃഖം
ഹൃദയത്തിൽ നിറഞ്ഞിടുന്നമ്മേ
ആശ്വാസമേകണെ - അമ്മേ എന്റെ
ഹൃദയനൊമ്പരങ്ങൾക്കാശ്വാസമേകണെ
(ആശ്വാസമേകണെ)
(കനിവിന്റെ കനിയാണമ്മെ)



എന്നാൽ കൂടുതൽ തീക്ഷ്ണതയോടെ അർത്ഥവത്തായി കെന്റണിക്കച്ചൻ സംസാരിക്കുന്ന **തിരുരാത്രിയുടെ അത്ഭുതം 1965 ഡിസംബർ 24 ന് സംഭവിച്ചതാണ്. അന്നാണ് തിരുസഭ നാട് കടത്തിയ കെന്റണിക്കച്ചൻ തിരിച്ച് വരുന്നത്.**

ഷേൺസ്റ്റാട്ടിന്റെ പ്രബോധനങ്ങളും, പഠനങ്ങളും നൂതനമായ ആശയങ്ങൾ ഉൾക്കൊണ്ടിരുന്നതിനാൽ എല്ലാ അധികാരകേന്ദ്രങ്ങൾക്കും അത് മനസ്സിലാക്കാൻ സാധിച്ചിരുന്നില്ല. രണ്ടാം വത്തിക്കാൻ കൗൺസിലിന് മുൻപ് സഭയുടെ രീതിയനുസരിച്ച് ഇങ്ങനെയുള്ള കാര്യങ്ങൾ കാർക്കശ്യമായ രീതിയിൽ പഠനവിധേയമാക്കിയിരുന്നു. അതുകൊണ്ടുതന്നെ ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ ഉത്ഭവസ്ഥലമായ ഷേൺസ്റ്റാട്ടിൽനിന്നും വിട്ട് നിൽക്കാൻ സഭാനേതൃത്വം ആവശ്യപ്പെട്ടു.

ദൈവപരിപാലനയിൽ താൻ വളർത്തിയെടുത്ത വലിയൊരു സംരംഭത്തിലേയ്ക്കും, പ്രസ്ഥാനത്തിലേയ്ക്കും, അതിന്റെ ഉറവിടം-ഉത്ഭവസ്ഥലമായ ഷേൺസ്റ്റാട്ടിലേയ്ക്കും ഇനി ഒരിക്കലും തിരിച്ചുവരാൻ സാധിക്കില്ല എന്ന വേദനയോടെയാണ് കെന്റണിക്കച്ചൻ മിൽവോക്കിയിലേയ്ക്ക് യാത്രയാകുന്നത്.

14 വർഷക്കാലം മിൽവോക്കിയിൽ ജീവിച്ച അദ്ദേഹം ഇന്നും വിശദീകരിക്കപ്പെടാനാവാത്ത അത്ഭുതകരമായ ഒരു ടെലഗ്രാമിലൂടെ റോമിലേയ്ക്ക് വിളിക്കപ്പെട്ടു. രണ്ടാം വത്തിക്കാൻ സൂനഹദോസ് സമാപിച്ചതിനു പിന്നാലെ പോൾ ആറാമൻ മാർപാപ്പ കെന്റണിക്കച്ചന് എതിരെയുള്ള എല്ലാ കേസുകളും പിൻവലിക്കുകയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും പ്രബോധനങ്ങളെയും അംഗീകരിക്കുകയും ചെയ്തു. തുടർന്ന് തന്റെ പ്രവർത്തനങ്ങളെ തുടരാൻ അദ്ദേഹത്തെ ജെർമ്മനിയിലേയ്ക്ക് യാത്രയാക്കി.

**നീണ്ട 14 വർഷക്കാലത്തെ നാട് കടത്തപ്പെട്ട ജീവിതത്തിനുശേഷം 1965 ഡിസംബർ 24 ന് രാത്രി അദ്ദേഹം ഷേൺസ്റ്റാട്ടിലേയ്ക്ക് തിരിച്ചെത്തി. ഷേൺസ്റ്റാട്ട് മുഴുവനും ഈ സംഭവത്തെ "തിരുരാത്രിയിലെ അത്ഭുതം" അത്ഭുതം എന്ന് വിശേഷിപ്പിക്കുന്നു.**

ദൈവത്തിന്റെ പ്രത്യേകമായ ഇടപെടലിന്റെ അടയാളമാണ് തിരുരാത്രിയിലെ അത്ഭുതം. ഓരോ വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ജീവിതചരിത്രത്തിൽ ഈ ഇടപെടലുകൾ കാണാൻ സാധിക്കും. ഈ വർഷം ക്രിസ്തുമസ്സ് ആഘോഷിക്കുമ്പോൾ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലെ "തിരുരാത്രിയിലെ അത്ഭുത" ങ്ങളെക്കുറിച്ച് നമുക്ക് ദൈവത്തിന് നന്ദി പറയാം.

ലേഖനം

# ഇത്ര ചെറുതാകാൻ എത്ര വളരേണം ഇത്ര സ്നേഹിക്കാനെന്തുവേണം



സി. റീത്ത മാരീസ് എസ്.എച്ച്

"മണ്ണിനെ വിണ്ണാക്കുവാൻ മനുഷ്യനായി മന്നിലവതരിച്ച മനുഷ്യപുത്രന്റെ ജന്മദിന അനുസ്മരണം ആഘോഷമായി കൊണ്ടാടുന്ന ഈ കാലയിളവിൽ ആ ദിവ്യപുത്രനെ ലോകത്തിലേക്ക് അയക്കുവാൻ കാരണമായ " ആദത്തിന്റെ പുണ്യപ്പെട്ട പാപമേ" എന്ന വി. അഗസ്തീനോസിന്റെ വാക്യം അനുസ്മരിക്കുന്നത് ഈ അവസരത്തിൽ വളരെ കരണീയമാണ്, അല്ലെങ്കിൽ ഇത്ര നല്ല രക്ഷകനെ ലോകത്തിനു ലഭിക്കില്ലായിരുന്നു.

"കണ്ണിനുപകരം കണ്ണ്, പല്ലിനുപകരം പല്ല് " അതായത് നാടൻ ഭാഷയിൽ 'അടിക്കടി, 'ഇടിക്കിടി' എന്ന ചൊല്ല് അന്വർത്ഥമാക്കികൊണ്ട് ജീവിക്കുന്ന യഹൂദ പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ നൈയാമികതയേയും തച്ചുടച്ചുകൊണ്ട് മനുഷ്യരൂപം സ്വീകരിച്ച് മണ്ണിലേയ്ക്ക് അവതരിക്കുവാൻ പിതാവായ ദൈവം തന്റെ ഏകജാതനെ അനുവദിക്കുമ്പോൾ "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു." (യോഹ. 3:16) എന്ന തിരുവചനം അന്വർത്ഥമാകുന്നു. ഈ ദൈവസ്നേഹാനുഭവം ലോകജനതയ്ക്കു നൽകുവാൻ പുത്രനായ ദൈവം പിതാവിന്റെ തിരുവിഷ്ടം നിറവേറ്റുവാൻ, തന്റെ ദൈവീകതയെയും മാലാഖവൃന്ദത്തോടുള്ള സഹവാസത്തെയും വെടിഞ്ഞ് മനുഷ്യരക്ഷാർത്ഥം ലോകത്തിലവതരിക്കുവാൻ സന്മസ്സാകുന്നതും വെറും ഒരു 'പൂജ്യം' ആയി തിർന്നുകൊണ്ടാണ്. ആ ശൂന്യവൽക്കരണം പരിസമാപ്തിയിലെത്തുന്നത് ഒരു സാധാരണക്കാരനായികൊണ്ടാണ്. സ്രഷ്ടാവ് സൃഷ്ടിയുടെ മാതൃത്വം സ്വീകരിക്കുന്നു. ഈ വിവരണം വി. ലൂക്കായുടെ സുവിശേഷം 1:26-37 വരെയുള്ള ദിവ്യവചനങ്ങളിലൂടെ നമ്മൾ മനസ്സിലാക്കുന്നു.



ഭൂസ്വർഗ്ഗ നിയന്താവിനു ജനിക്കുവാൻ ഇടം ലഭിക്കാതെ കാലിതൊഴുത്തിൽ പിറന്നു വീഴാൻ മനസ്സാകുന്നു. തുടർന്നുള്ള ജീവിത സാഹചര്യവും അതിലും ശോചനീയം. സ്വതന്ത്രമായി വളരാൻ സൗകര്യം ലഭിക്കാതെ ശൈശവ ബാല്യകാലാരിഷ്ഠതകൾ എല്ലാം സഹിച്ചുകൊണ്ട് കടന്നുപോയതും, സമയത്തിന്റെ പരിപൂർത്തിയിൽ കേവലം മാനുഷികമായ തരത്തിൽ സ്നാപകയോഹന്നാനിൽ നിന്ന് മാമ്മോദീസാ സ്വീകരിക്കുന്നതും, തുടർന്നുള്ള പരസ്യജീവിതത്തിനും ഇന്നുള്ളതുപോലെ ആധുനിവൽക്കരിക്കപ്പെട്ട വചന പ്രഘോഷണവേളകളോ, മറ്റ് അനിവാര്യ സാഹചര്യങ്ങളോ ഒന്നു ഇല്ലാതെ വിശാലമായ മലയിടുക്കുകളും, വയലേലകളും, കടൽത്തീരങ്ങളും ഉപജീവനാർത്ഥം മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ വഞ്ചിയിലും, അവരുടെ ജീവിതസാഹചര്യങ്ങളിലും ദൈവരാജ്യപ്രഘോഷണം നടത്തി. താൻ തുടങ്ങി വച്ച ഈ ദൗത്യം തുടരുവാൻ അപ്പവും വീഞ്ഞും സ്വന്തശരീരരക്തങ്ങളാക്കി മാറ്റി. അതു തുടർന്നുകൊണ്ടുപോകുവാനുള്ള അധികാരവും അവകാശവും ശിഷ്യന്മാർക്ക് നൽകി. അവസാന തുള്ളി രക്തംവരെ ചിന്തി കാൽവരി കുന്നിന്റെ വിരിമാറിൽ മൂന്നാണികളിൽ ജീവൻ വെടിഞ്ഞ്

ലോക രക്ഷനേടിയെടുത്ത് തിരുവെഴുത്തുകൾ നിറവേറ്റി, മൂന്നാം ദിവസം ഉത്ഥാനം ചെയ്ത് തന്റെ അരുമശിഷ്യർക്ക് തന്റെ ദൗത്യം തുടങ്ങുവാനുള്ള അവകാശം നൽകുന്നത് വി. മത്തായി. 28:18 – 20 വചനങ്ങളിൽ നാം കാണുന്നു. "സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു; ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും." വാഗ്ദാനം ചെയ്തതുപോലെ ആശ്വാസദായകനെ അയച്ചുകൊണ്ട് സഭയ്ക്ക് ജന്മം നൽകുന്നു. ആ പിൻതുടർച്ച മാർപ്പാപ്പ, മെത്രാൻ, വൈദികരിലൂടെ ഇന്നും തുടരുന്നു.

രക്ഷകന്റെ ജനനം, പരസ്യജീവിതം, ഉത്ഥാനം സഭയുടെ തുടക്കം കുറിക്കുന്ന പരിശുദ്ധാത്മ ആഗമനം, തുടങ്ങിയ – രക്ഷാകരരഹസ്യങ്ങൾ ഉൾക്കൊളിച്ചുകൊണ്ട് കാൽവരിയിലെ ബലി രക്തം ചിന്താതെ അനുദിനം അൾത്താരകളാൽ പുനരവതരിപ്പിക്കുന്ന ആഘോഷത്തിൽ പങ്കുകൊണ്ട് ശക്തിയാർജ്ജിച്ച് അനുദിനം കർമ്മരംഗത്തേക്കിറങ്ങുന്ന നാം ഇന്നും ചരിത്രത്തിൽ ജീവിച്ച് അനുദിനം 'അപ്പ' ത്തിന്റെ രൂപത്തിൽ നമ്മുടെ ഭോജ്യമായിതീർന്നു നമ്മോടൊത്തു വസിക്കുന്ന ദിവ്യകാരുണ്യനാഥന്റെ 'തിരിപ്പിറവി' യുടെ അനുസ്മരണം ആചരിക്കുമ്പോൾ, ആഘോഷിക്കുമ്പോൾ 2000 വർഷങ്ങൾക്കുമുമ്പ് കാലിത്തൊഴുത്തിൽ ഭൂജാതനായ ദിവ്യഉണ്ണിയുടെ ജന്മദിനം ഒരിക്കൽകൂടി ആഘോഷിക്കുമ്പോൾ **ആ ദിനത്തിന്റെ അർത്ഥം ജീവിതത്തിൽ പ്രാവർത്തികമാക്കണമെങ്കിൽ ഇന്നും നമ്മുടെ ഹൃദയങ്ങളിൽ യേശുവിനു ജനിക്കുവാൻ ഇടം നൽകണം.** നമുക്കു ചുറ്റുമുള്ള ലോകത്തിലെ, അനുനിമിഷം കണ്ടുമുട്ടുന്നവരിലൂടെ 'തിരുപ്പിറവി' യുടെ സന്ദേശം പകർന്നു കൊടുക്കാം. "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തു തന്നത്" (മത്തായി 25: 40) എന്ന തിരുവെഴുത്ത് നമ്മുടെ ജീവിതത്തിൽ അനുവർത്തിക്കാം.

"ക്രിസ്തുമസ്സ്" വർഷത്തിലെ ഒരു ദിവസത്തെ ആഘോഷമല്ല. പ്രത്യുത അനുദിനവും അങ്ങനെ ആവണ്ടതാണ്. "Holy Mass"– വിശുദ്ധരുടെ കൂട്ടായ്മയിലാണല്ലോ, കർത്താവിന്റെ ബലിയിൽ ഒന്നിച്ചുകൂടുന്നവരും – ക്രിസ്തുവുമായുള്ള രമ്യതയിൽ, ഒത്തു ചേരലിൽ, സഹവസിക്കലിൽ, അനുദിന ബലിക്കായി അണഞ്ഞ് നമ്മുടെ ജീവിതാനുഭവങ്ങൾ തിരുബലിയോടു ചേർത്ത് വിശുദ്ധീകരിച്ച് ശക്തിപ്പെടുമ്പോൾ അനുദിനം നാം 'ക്രിസ്തുമസ്സ്' ആഘോഷിക്കുകയാണ്. ചെറിയവനായ ഞാൻ വലിയവന്റെ കൂട്ടായ്മയിൽ ചേരുമ്പോൾ എന്നെ അവൻ വലുതാക്കുകയും ഞാൻ ചെറുതാകുകയും ചെയ്യുന്നു. അപ്പോൾ എന്നിലെ സൗമ്യത, ശാന്തത, എളിമ, കരുണ, ആത്മസംയമനം ഇവ വളരാൻ എന്നെ സഹായിക്കുന്നു. അതുകൊണ്ട് നമ്മിലെ സ്വാർത്ഥത, അഹങ്കാരം, ജഡികമോഹങ്ങൾ ഇവ വെടിഞ്ഞ് ഈശോയ്ക്ക് അനുരൂപമായ ജീവിതം നയിക്കാം. അവിടുത്തെ ജനന, ഉത്ഥാന സന്ദേശമായി – മാലാഖമാർ പാടിയ ഈരടികൾ "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം" (ലൂക്ക. 2: 14) നമ്മുടെ ജീവിതത്തിലും അന്വർത്ഥമാക്കാം. ആഗോളവൽക്കരണത്തിൽ ആണ്ടുപോയ ജീവിതങ്ങൾക്കു മാതൃകയാകാൻ, മൂല്യച്യുതി വന്നുകൊണ്ടിരിക്കുന്ന ആധുനികലോകത്തിന് സമാധാനത്തിന്റെ കൈത്തിരി കൊളുത്തി കൊടുക്കുവാൻ നമ്മുടെ മാതൃകാജീവിതം സഹായകമാകട്ടെ.

കുരിശുമരണത്തിലൂടെ മനുഷ്യരോടുള്ള സ്നേഹം പ്രകടമാക്കിയ, ലോകരക്ഷ നേടിതന്ന ദിവ്യരക്ഷകന്റെ പിൻതുടർച്ചക്കാരായ നമുക്ക് അവിടുത്തെ കാലടികൾ പിന്തുടർന്ന് അതിനായി വരുന്ന ത്യാഗസേവനങ്ങൾക്ക് ശക്തി ലഭിക്കുവാൻ ഈ ക്രിസ്തുമസ്സ് നമ്മെ ശക്തരാക്കട്ടെ. ഈ തിരുപ്പിറവികാലത്ത് അല്പംകൂടി സ്നേഹം, കരുണ, ശാന്തത, എളിമ, ക്ഷമ, നന്മ, ആർദ്രത ഇവ ജീവിതത്തിൽ പ്രാവർത്തികമാക്കാം. അവിടുത്തെ യഥാർത്ഥ അനുയായികളായി മാറാം. അനുനിമിഷവും വിവിധ രീതികളിൽ കോടികണക്കിനു ജീവൻ പൊലിയുന്നു, ഇന്നിന്റെ സാഹചര്യത്തിൽ ഒരു ക്രിസ്തുമസ്സ് കാലം കൂടി ആഘോഷിക്കുവാൻ ദൈവം നമ്മെ അനുവദിക്കുമ്പോൾ – ഫലം ലഭിക്കുമോ എന്നറിയാൻ ഒരു വർഷം കൂടി ദൈവകരുണയിൽ നിലനിർത്തുന്ന അത്തിമരത്തെപ്പോലെ, ഫലത്തിനുവേണ്ടി നമ്മെ നിലനിർത്തിയ, നിർത്തുന്ന ദൈവകാരുണ്യത്തിന്റെ മുമ്പിൽ നമുക്കു നന്ദിയുള്ളവരാകാം. നല്ല ഫലങ്ങൾ പുറപ്പെടുവിക്കാൻ നമ്മെ പര്യാപ്തമാക്കാം. യഥാർത്ഥ ക്രിസ്താനുയായികളായി മാറാം – ആരംഭത്തിലെ ഈരടികളോടു ചേർന്ന് " ഇത്ര ചെറുതാകാൻ എത്ര വളരേണം, ഇത്ര സ്നേഹിക്കാൻ എന്തുവേണം " എന്ന തത്ത്വം അന്വർത്ഥമാക്കികൊണ്ട് ഈ ക്രിസ്തുമസ്സ് ധന്യമാക്കാം.

ലേഖനം

# പുൽക്കൂട്ടിലെ അനുരഞ്ജനം



സഹവികാരി ജനറാൾ ഇരിങ്ങാലക്കുട രൂപത

**റവ. ഡോ. മോൺ. ലാസർ കുറ്റിക്കാടൻ**



മനുഷ്യൻ എന്ന നാമം ഒരു നല്ല നാമം! നന്മയുള്ളതിനെയെല്ലാം നല്ലതെന്ന് വിളിക്കും. നന്മകളെല്ലാം നിലനിൽക്കണമെങ്കിൽ അവ ഉറവിടങ്ങളോട് ചേർന്ന് നിൽക്കണം. എന്നുവെച്ചാൽ കളങ്കപ്പെടാത്തത്, മലിനമാക്കപ്പെടാത്തത് എന്ന് സങ്കൽപം! നല്ലവനായ മനുഷ്യനെ ദൈവം മനോഹരമായ ഈ ഭൂമിയിൽ പാർപ്പിച്ചു! ഭൂമിയെയാണ് മനുഷ്യന്റെ വാസസ്ഥലമായി ദൈവം തെരഞ്ഞെടുത്തത്! ദൈവത്തിന് നന്ദി പറയാം. പുൽക്കൂടിന് സമാനമായിരുന്ന ഭൂമിയെ മനുഷ്യൻ കൊട്ടാരതുല്യമാക്കി മാറ്റി. അതോടെ ദൈവവും മനുഷ്യനും അകലാൻ തുടങ്ങി. അഹങ്കാരവും അസൂയയും അനേകം കായേന്മാർക്ക് പുൽക്കൂടാകുന്ന ഈ ഭൂമിയിൽ ജന്മമേകി. അത് ഭൂമിയുടെ നിഷ്കളങ്കതയക്കും മനുഷ്യന്റെ നന്മയ്ക്കും കോട്ടം വരുത്തിവെച്ചു.

പുൽക്കൂട്ടിലെ അനുരഞ്ജനം എന്നുവെച്ചാൽ സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ഒന്നാകലാണ്. അൽപംകൂടി ലളിതമാക്കിയാൽ **ദൈവവും മനുഷ്യനും നമ്മിൽ പിതൃപുത്ര വാത്സല്യത്തോടെ പിണക്കങ്ങളെല്ലാം മറന്ന് ഒന്നാകുന്ന പ്രക്രിയയാണ് അനുരഞ്ജനം**. നന്മതന്നെയായ ദൈവത്തെ മനുഷ്യരിൽനിന്നും അകറ്റിയത് മനുഷ്യൻ ചെയ്തുകൂട്ടിയ തിന്മകളാണ്. മനുഷ്യൻ ഉറവിടസ്ഥാനങ്ങളിൽനിന്നും വ്യതിചലിക്കാൻ തുടങ്ങി. നന്മയുടെ ഉണ്മയിൽ തിന്മയ്ക്ക് സ്ഥാനമില്ല. മനുഷ്യമക്കളുടെ എണ്ണമറ്റ അപരാധങ്ങൾ ദൈവം ക്ഷമിക്കാൻ തയ്യാറാകുന്നു. അത് സാധിതമാക്കുന്നത്. ബെത്‌ലെഹേമിലെ പുൽക്കൂട്ടിൽ ആണ്. പിതാവായ ദൈവം ധൂർത്തപുത്രനെ ആലിംഗനം ചെയ്ത് സ്വഭവനത്തിൽ സ്വീകരിച്ചത് പോലെ സ്വർഗ്ഗം ഭൂമിയെ ആലിംഗനം ചെയ്ത ഇടമാണ് ബെത്‌ലെഹെമിലെ പുൽക്കൂട്. പാപസ്പർശമുള്ള മനുഷ്യന് ദൈവത്തെ പുൽകാൻ, ദൈവം തന്നെ മനുഷ്യരൂപം ധരിച്ച് പുൽക്കൂട്ടിൽ ഭൂജാതനായി. ദൈവസ്നേഹത്താൽ പരവശനായ മനുഷ്യൻ പുൽക്കൂട്ടിൽ ദൈവത്തെ കണ്ടെത്തുന്നു. ധൂർത്തപുത്രൻ അനുതാപമൂറുന്ന ഹൃദയവുമായി സ്വപിതാവിന്റെ ഭവനത്തിൽ പിതാവിനെ കണ്ടെത്തുന്നതുപോലെ!

സർവ്വസ്വവും അറിയുന്ന ദൈവം അറിവില്ലാത്ത മനുഷ്യന്റെ തെറ്റുകളും കുറവുകളും ക്ഷമിക്കുന്നതുപോലെ **അറിവുള്ളവൻ അറിവില്ലാത്തവന്റെ തെറ്റുകൾ ക്ഷമിക്കുവാൻ തയ്യാറായാൽ പുൽക്കൂട്ടിലെ അനുരഞ്ജനം നമ്മുടെ ജീവിതത്തിലും യാഥാർത്ഥ്യമാകും!** എല്ലാവർക്കും ക്രിസ്തുമസ്സ് നവവത്സരാശംസകൾ സ്നേഹപൂർവ്വം നേരുന്നു.



## നല്ലത് കൊടുക്കാം...

ആപ്പിൾ വേണമെന്ന് വാശിപ്പിടിച്ച തന്റെ കുഞ്ഞിന് അമ്മ രണ്ട് ആപ്പിൾ വാങ്ങിക്കൊടുത്തു. രണ്ടു കൈകളിലും ആപ്പിളുമായി സന്തോഷത്തോടെ നിൽക്കുന്ന കുഞ്ഞിനെ നോക്കി അമ്മ വെറുതെ ചോദിച്ചു. ഒരാപ്പിൾ അമ്മയ്ക്കു തരുമോ? ചോദ്യം കേട്ട പാടെ കുഞ്ഞ് അൽപനേരം എന്തോ ചിന്തിച്ച് നിന്നു. എന്നിട്ട് വലതുകയ്യിലെ ആപ്പിൾ ഒന്നു കടിച്ചു. എന്നിട്ട് ഇടതുകൈയിലെ ആപ്പിളും ഒന്നു കടിച്ചു. ഇതു കണ്ട് അമ്മയ്ക്ക് സങ്കടമായി; തനിക്ക് ആപ്പിൾ തരാതിരിക്കാനുള്ള സൂത്രം. പെട്ടെന്ന് അമ്മയെ അത്ഭുതപ്പെടുത്തി കൊണ്ട് ഇടതുകയ്യിലെ ആപ്പിൾ നീട്ടി കുഞ്ഞ് പറഞ്ഞു.

അമ്മ ഇതെടുത്തോളു; ഇതിനാ മധുരം കൂടുതൽ, അതറിയാനാണ് ഞാൻ കടിച്ചു നോക്കിയത്.

ക്രിസ്തുമസ്സ് പങ്കുവയ്ക്കലിന്റെ, കൊടുക്കലിന്റെ ആഘോഷമാണ്. നമുക്കും സ്നേഹത്തോടെ സന്തോഷത്തോടെ നല്ലതുമാത്രം പങ്കുവയ്ക്കാം...

# തീർത്ഥാടക മാതാവിന്റെ ജപമാലയജ്ഞം കേരളത്തിൽ



ലേഡീസ് ഓഫ് ഷേൺസ്റ്റാട്ടിന്റെ മരിയഭവനിൽ സേവനം ചെയ്യുന്നു.

**സി. ഗ്രേയ്സി**

"**1995** – സെപ്റ്റംബറിൽ ഇരിഞ്ഞാലക്കുട മരിയഭവനിലെ 4 സിസ്റ്റേഴ്സ് അവരുടെ ഫൈനൽ കോൺട്രാക്റ്റ് ചെയ്യുന്നതിനായി ജർമ്മനിയിലുള്ള മദർ ഹൗസിൽ പോയി താമസിച്ചു. ആ സമയത്ത് അവിടെയുള്ള സിസ്റ്റേഴ്സ് തീർത്ഥാടകമാതാവിന്റെ രൂപം വഹിച്ചുകൊണ്ട് വീടുകളിൽ പ്രാർത്ഥിക്കാൻ പോകുന്നത് കണ്ടു. അതേകുറിച്ച് കൂടുതൽ മനസ്സിലാക്കിയ ഞങ്ങൾ നാട്ടിലേക്ക് തിരിച്ചപ്പോൾ മാതാവിന്റെ രണ്ടു രൂപങ്ങൾ ഒറിജിനൽ കപ്പേളയിൽ വെച്ച് വെഞ്ചെരിപ്പ് കൊണ്ടുപോന്നു.


1995 മുതൽ ഇരിങ്ങാലക്കുട ഇടവകവികാരിയുടെ അനുവാദത്തോടെ സി. മേരിയും, സി. ഗ്രേയ്സിക്കും വീടുകളിൽ രൂപങ്ങൾ കൊണ്ടുപോയി പ്രാർത്ഥിക്കാൻ തുടങ്ങി. ഒരുപാട് അനുഗ്രഹങ്ങൾ വ്യക്തികൾക്കും കുടുംബത്തിലും ലഭിച്ചുതുടങ്ങി.

അടുത്തവർഷം ജർമ്മനിയിലുള്ള ഞങ്ങളുടെ സുപ്പീരിയർ ബഹു. സി. ഫ്രസ്ക നാട്ടിൽ വന്നപ്പോൾ ഈ പ്രാർത്ഥന കൂടുതൽ ശക്തമാക്കാനും, ഔദ്യോഗികമായി തുടങ്ങാനും വേണ്ടി– ഷേൺസ്റ്റാട്ട് അച്ചന്മാരും (ഫാ. റോയി) ഷേൺസ്റ്റാട്ട് സിസ്റ്റേഴ്സും – മരിയഭവനിലുള്ള സിസ്റ്റേഴ്സും ഒരുമിച്ച് കൂടി ആലോചിച്ചു – തീർത്ഥാടകമാതാവിന്റെ ജപമാലയജ്ഞം കേരളത്തിൽ തുടങ്ങുന്നതിന്റെ പ്രാരംഭനടപടികൾ തുടങ്ങി. ആദ്യമായി – ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പിതാവിനെ കണ്ട് ഇതിനെകുറിച്ച് ആലോചിച്ചു. രൂപതയിൽ ഈ പ്രാർത്ഥന തുടങ്ങാനുള്ള അനുവാദം തന്നു.

മരിയഭവനിലും, കാട്ടുങ്ങച്ചിറ സിസ്റ്റേഴ്സിന്റെ ഹൗസിലും പലപ്രാവശ്യം ഒരുമിച്ച് കൂടി മാതാവിന്റെ ഈ പ്രാർത്ഥന തുടങ്ങാൻ വേണ്ടകാര്യങ്ങൾ ആലോചിച്ചു. അതിന്റെ ഫലമായി ഏഴുദിവസത്തെ നൊവേന ഉൾകൊള്ളിച്ചുകൊണ്ട് "പ്രസാദവരനാഥയോടുള്ള പ്രാർത്ഥന" എന്ന നൊവേന പുസ്തകം എഴുതിയുണ്ടാക്കി – പിതാവിന്റെ അനുവാദത്തിനായി സമർപ്പിച്ചു.

1998 ആഗസ്റ്റ് 15 നു നൊവേന പുസ്തകം അച്ചടിക്കാനുള്ള Imprimatur –പിതാവിൽ നിന്ന് കിട്ടി. റോയിയച്ചനായിരുന്നു ഇതിന്റെ മുന്നിൽ നിന്ന് പ്രവർത്തിച്ചത്. പുസ്തകം അച്ചടിച്ചു (ഇന്നു കാണുന്ന രൂപത്തിൽ) ഒപ്പം തീർത്ഥാടകമാതാവിന്റെ കപ്പേളയുടെ ആകൃതിയിലുള്ള രൂപങ്ങളും നിർമ്മിച്ചു.

1950–ൽ ബ്രസീലിലെ സാന്താമരിയ എന്ന സ്ഥലത്ത് തുടങ്ങിയ ഈ ആദ്ധ്യാത്മിക പ്രസ്ഥാനം 1998–ൽ കേരളത്തിലും ആരംഭിച്ചു. 1998 ആഗസ്റ്റ് 21 നു അഭിവന്ദ്യമാർ ജെയിംസ് പിതാവ്– ഇരിങ്ങാലക്കുടയിലെ മരിയഭവനിൽ വെച്ച് തീർത്ഥാടകമാതാവിന്റെ ആദ്യത്തെ തിരുസ്വരൂപങ്ങളും, നൊവേന പുസ്തകങ്ങളും ജപമാലകളും (സിസ്റ്റേഴ്സ് കൈകൊണ്ട് ത്യാഗം സമർപ്പിച്ച് കെട്ടിയുണ്ടാക്കിയത്) വെഞ്ചെരിച്ച് ഔദ്യോഗികമായി ഈ സംരംഭം ഉദ്ഘാടനം ചെയ്തു.



**ഉദ്ഘാടനദിനം : –**

ഇതിനോടകം പലസ്ഥലങ്ങളിൽ നിന്നും ഈ പ്രാർത്ഥനയെകുറിച്ച് അറിഞ്ഞ പ്രേഷിതർ മാതാവിന്റെ ഈ പ്രാർത്ഥനയിൽ പങ്കെടുക്കാൻ മരിയഭവനിൽ എത്തിയിരുന്നു. അവർക്കായി ഉച്ചക്ക് രണ്ടുമണിക്ക് മരിയഭവനിൽവെച്ച്– ജപമാലയജ്ഞത്തെ കുറിച്ചും – അതിന്റെ പ്രത്യേകതകളെക്കുറിച്ചും ഈ പ്രാർത്ഥനവഴി ലഭിക്കുന്ന അനുഗ്രഹങ്ങളെകുറിച്ചും ബഹു. ഫാ. റോയ് വെണ്ണൂക്കാരനച്ചനും, ബഹു. സി. ഫ്രസ്കയും ക്ലാസ് എടുത്തു. എല്ലാവരേയും ഈ പ്രാർത്ഥനയിലേക്ക് ക്ഷണിച്ചു. 4 മണിക്ക് അഭിവന്ദ്യ ജെയിംസ് പിതാവ് വന്നു. പിതാവിന്റെ അനുഗ്രഹപ്രഭാഷണത്തിനു ശേഷം പുതുതായി ഉണ്ടാക്കിയ രൂപങ്ങളും, കൊന്തയും, നൊവേന പുസ്തകവും വെഞ്ചെരിച്ച് രൂപത്തിൽ ജപമാല ചാർത്തി. ആദ്യത്തെ നാലു രൂപങ്ങൾ നാലു ലീഡേഴ്സിന്

കവിത

# തേങ്ങുന്നവന്റെ തണൽ




റവ. ഫാ. ജോഷി കണ്ണൂക്കാടൻ CMI
തലോർ ദീപ്തി ഹൈസ്ക്കൂളിൽ
മലയാള അദ്ധ്യാപകനായി സേവനം
ചെയ്യുന്നു


**ഈ** പുതുവർഷത്തിലും
എന്തിനാണെന്നെ നിർബന്ധിക്കുന്നത്?
നിർബന്ധിച്ചാലും ഇല്ലെങ്കിലും
എഴുതാനുള്ളത് എഴുതി തീരാതെ
പറയാനുള്ളത് പറഞ്ഞു തീരാതെ
നടന്നു നീങ്ങാനാവില്ലല്ലോ...
പുൽക്കൂട്ടിലെ സുഗന്ധം പേറുന്ന
പുലരിമഞ്ഞ് ചോദിച്ചു
കരുണയുടെ ഈ മഹാവർഷത്തിലും
കാരുണ്യത്തിന്റെ കനൽ ജ്വലിക്കുമോ?
വാക്കിലും പത്രത്താളിലെ ചിത്രകൗതുകത്തിലും
തിരനോട്ടം നടത്തി
പതുക്കെ തിരോഭവിക്കുമോ?
വിശക്കുന്നവന്റെ മുമ്പിൽ
അപ്പമായ് ദൈവം പിറക്കുമെങ്കിൽ
തേങ്ങുന്നവന്റെ മുമ്പിൽ
തണലായ് ദൈവം ഇല നിവർത്തുമെങ്കിൽ
കരുണയുടെ നവരസങ്ങൾ വിതറി
മർത്യമാനസം നിറഞ്ഞേനേ...
ആദർശ സ്വപ്നജാലകം തകർത്ത്
അലിവിന്റെ ദശപുഷ്പങ്ങൾ വിടർന്നേനെ.



പിതാവ് തന്നെ നൽകികൊണ്ട് ഉദ്ഘാടനം ചെയ്തു. ഷേൺസ്റ്റാട്ട് സിസ്റ്റേഴ്സിന്റെ സുപ്പീരിയർ സിസ്റ്റർ അനറ്റിന് നൊവേന പുസ്തകത്തിന്റെ കോപ്പി നൽകികൊണ്ട് പിതാവ് നൊവേന പുസ്തകത്തിന്റെ പ്രകാശനം നിർവ്വഹിച്ചു. മീറ്റിങ്ങിന് ശേഷം സിസ്റ്റർ ഫ്രിസ്ക എല്ലാവർക്കും നന്ദി പറഞ്ഞു. ജപമാലയജ്ഞത്തിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടത്തുവാൻ ഡയറക്ടറായി ബഹു. ഫാ. റോയ് വെണ്ണൂക്കാരൻ, സഹായികളായി സിസ്റ്റർ റിൻസി, സിസ്റ്റർ മേരി, സിസ്റ്റർ ഗ്രേയ്സി എന്നിവരെ ചുമതലപ്പെടുത്തി.

മാസത്തിൽ ഒരിക്കൽ മീറ്റിങ്ങ് കൂടി പുതിയ പരിപാടികൾക്ക് രൂപം നൽകി. അതിന്റെ ഫലമായി വിവിധ ഇടവകകളിലേയ്ക്ക് ജപമാലയഞ്ജം വ്യാപിച്ചു. ഒരു വർഷം കൊണ്ട്, ഇരിങ്ങാലക്കുട, എറണാകുളം തുടങ്ങി പല രൂപതകളിലും ജപമാലയജ്ഞപ്രാർത്ഥന തുടങ്ങി. ബി. എൽ. എം. ലുള്ള ഷേൺസ്റ്റാട്ട് കപ്പേളയിൽ ഒരുമിച്ചുകൂടി ലീഡർമാർക്ക് രൂപം വെഞ്ചെരിച്ചു കൊടുത്തു പോന്നു. 1999 ഒക്ടോബർ 18–ാം തിയ്യതി ജപമാലയജ്ഞത്തിന്റെ ഒന്നാമത്തെ വാർഷികം ബി. എൽ. എം. കപ്പേളയിൽ വെച്ച് ആഘോഷിച്ചു. അഭിവന്ദ്യ പഴയാറ്റിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും ജപമാലറാലിയും രൂപം സ്വീകരിക്കലും ഭംഗിയായി ആഘോഷിച്ചു. ഇതിനെല്ലാം ബഹു. റോയിയച്ചനും ഷേൺസ്റ്റാട്ട് സിസ്റ്റേഴ്സും മരിയഭവനിലെ സിസ്റ്റേഴ്സും നേതൃത്വം നൽകിയിരുന്നു. ഇപ്പോൾ എല്ലാ വർഷവും ഒക്ടോബർ മാസത്തിൽ വാർഷികം ആഘോഷിച്ചുവരുന്നു.

## ചിന്താമൃതം



ഒരിക്കൽ ഒരു പക്ഷി തേനീച്ചയോട് ചോദിച്ചു... നീ എത്ര ബുദ്ധിമുട്ടിയാണ് തേൻ ഉണ്ടാക്കുന്നത്. ആളുകൾ അത് എടുത്ത് കൊണ്ടു പോകുമ്പോൾ നിനക്ക് വിഷമം തോന്നാറില്ലേ?

തേനീച്ച പറഞ്ഞു... ഇല്ല; കാരണം അവർക്ക് തേൻ എടുക്കാൻ പറ്റും; പക്ഷേ തേൻ ഉണ്ടാക്കുന്ന എന്റെ കഴിവിനെ അവർക്ക് എടുത്തുകൊണ്ടുപോകാൻ കഴിയില്ലല്ലോ....?

ലേഖനം

# മാപ്പ്



തൃശ്ശൂർ അതിരൂപത വൈദികൻ. ചെമ്മണ്ണൂർ ഇടവക വികാരികയും കത്തോലിക്കാസഭ പത്രമാസികയുടെ പബ്ലിക്കേഷൻ മാനേജരായും സേവനമനുഷ്ഠിക്കുന്നു.

റവ. ഫാ. സ്റ്റാഴ്സൻ കള്ളിക്കാടൻ

"തെറ്റ് ചെയ്തവനെ ശിക്ഷിക്കാൻ ഒരു നിയമസംവിധാനമുള്ളതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് അവനെ ആ തെറ്റിൽനിന്നും മോചിപ്പിച്ച് ഏറ്റെടുക്കാൻ ഒരു കൈ സഹായം നൽകുന്ന ഒരു സംവിധാനം നിർമ്മിക്കുക എന്നതും. ആരുടെ മടിത്തട്ടിലേക്കാണ് തെറ്റു ചെയ്തവൻ വീഴുന്നത്? പാപത്തിന്റെ കറ വീണ അതേ മണ്ണിലേക്കുതന്നെയാവാനാണ് സാധ്യത. അതുകൊണ്ടാണ് പിന്നെയും പാപത്തിന്റെ മ്ലേച്ഛഗന്ധം അവനെ വേട്ടയാടുന്നത്. പിന്തിരിഞ്ഞു നോക്കാനാവാത്തവിധം അവൻ വാടിത്തളർന്ന് വെന്തുനീറി ഇല്ലാതെയാകുന്നത്. കൈപ്പിഴ പറ്റിയവരെ കരംപിടിച്ചുയർത്താൻ ഈ വാഴ്‌വിൽ ആരുണ്ട്? കവി സങ്കടപ്പെടുന്നതുപോലെ ഇറക്കി കിടത്താൻ നമുക്കൊരു മടിത്തട്ട് എവിടെനിന്നു കിട്ടും?

തെറ്റ് ചെയ്തവനെ കല്ലെറിയാൻ വരുന്നവരുടെ കൂട്ടത്തിൽ നിശ്ചയമായും നമ്മുടെ മുഖവുമുണ്ട്. ആദ്യം ആരെറിയും കല്ല് എന്നതിൽ മാത്രമേ നമുക്ക് സംശയമുള്ളൂ. ഒരാൾ കല്ലെറിഞ്ഞാൽ പിന്നെ കല്ലേറിന്റെ പെരുമഴ നൽകാൻ വെമ്പുന്ന മനസ്സ് നമ്മിലെവിടെയോ ഉറങ്ങിക്കിടക്കുന്നുണ്ട്.

തെറ്റുചെയ്തവനു മാപ്പുകൊടുക്കാനും ചേർത്തുപിടിക്കാനും ഇഷ്ടപ്പെടാത്ത മനസ്സാണ് നമ്മുടെയൊക്കെ. കൈപ്പിഴപറ്റിയവൻ നിശ്ചയമായും ശിക്ഷിക്കപ്പെടണമെന്നും അവൻ ശാപസന്തതിയാണെന്നു മുദ്രകുത്തി നാടുകടത്താനുമൊക്കെയാണ് നാം പരിശ്രമിച്ചുക്കൊണ്ടിരിക്കുന്നത്. കുറ്റവാളിയുടെ മക്കളെപ്പോലും വെറുക്കുന്ന, അസഹിഷ്ണുതയോടെ കാണുന്ന ഒരു ലോകത്തിൽ തന്നെയാണ് നാമും ജീവിക്കുന്നതെന്ന് മറക്കരുത്.



മാപ്പാക്കണം അറിയാതെ പറ്റിപ്പോയതാണ് സുഹൃത്തേ, എന്നൊക്കെ ഇഷ്ടപ്പെടാത്ത മനസ്സാണ് നമ്മുടെയൊക്കെ. കൈപ്പിഴ പറ്റിയവൻ നിശ്ചയമായും ശിഷിക്കപ്പെടണമെന്നും അവൻ ശാപസന്തതിയാണെന്നു മുദ്രകുത്തി നാടുകടത്താനുമൊക്കെയാണ് നാം പരിശ്രമിച്ചുക്കൊണ്ടിരിക്കുന്നത്. കുറ്റവാളിയുടെ മക്കളെപ്പോലും വെറുക്കുന്ന, അസഹിഷ്ണുതയോടെ കാണുന്ന ഒരു ലോകത്തിൽ തന്നെയാണ് നാമും ജീവിക്കുന്നതെന്ന് മറക്കരുത്.

മാപ്പാക്കണം അറിയാതെ പറ്റിപ്പോയതാണ് സുഹൃത്തേ, എന്നാക്കെ ഞാൻ നിന്നോട് എത്ര തവണ വാക്കുകൊണ്ടും കണ്ണീരുകൊണ്ടും യാചിച്ചിട്ടും നീ ഇപ്പോഴും എനിക്ക് മാപ്പുതരാതെ മറ്റെങ്ങോ മറഞ്ഞുപോയതെന്തേയെന്നു സങ്കടപ്പെടുന്നവരും, നീ ഇല്ലാത്ത ലോകത്ത് ഒരു ദിവസംപോലും എനിക്ക് ജീവിക്കാനാവില്ല, ഒരിക്കലെങ്കിലും നീ ഞാൻ പറയുന്നത് ക്ഷമയോടെ കേട്ടതിനുശേഷം ഈ ബന്ധം അവസാനിപ്പിച്ചോളൂ എന്ന് കാൽക്കൽ വീണപേക്ഷിച്ചിട്ടും, വലിയ വായിൽ നിലവിളിച്ചിട്ടും അവയൊന്നും കേൾക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ചുപോയ ചങ്ങാതിയുമെല്ലാം കൈപ്പിഴ പറ്റിയ എന്നെ തിരിച്ചു പിടിക്കാൻ ഇഷ്ടപ്പെടാത്ത നീചനായ മനുഷ്യൻ തന്നെ. (നീ എന്നെ ചതിക്കുകയായിരുന്നില്ലേ, നിന്നെ മാത്രമേ ഞാൻ ജീവനു തുല്യം സ്നേഹിച്ചിട്ടുള്ളൂ, എന്നൊക്കെ കള്ളം പറഞ്ഞതാണല്ലേ എന്നൊക്കെ മുഖത്തടിക്കുംപോലെ പറഞ്ഞ് പിരിഞ്ഞു പോയ പ്രിയ സുഹൃത്തേ മാപ്പാക്കണമെന്ന് ഇനി ഞാനെങ്ങനെ പറയും. അല്ലെങ്കിൽത്തന്നെ നിഷേധിക്കപ്പെട്ട സ്നേഹത്തിന് മാപ്പു പറയാൻ ആര് തയ്യാറാവുമല്ലേ...)

**കൈപ്പിഴ പറ്റിയവനോട് പൊറുക്കാത്തവന് ജീവിതാന്ത്യം വരെ സ്വസ്ഥതയുണ്ടാവില്ലെന്ന് ഇനിയും മനസ്സിലാക്കാത്തവരാണ് നാം.** പൊറുക്കാത്തവന്റെ രാത്രി, പകലുകൾ പോലെയും പകലുകൾ രാത്രികൾപ്പോലെയുമായിരിക്കും. ഓരോ രാത്രിയും തന്നെ വേദനിപ്പിച്ചവനെ ഓർത്തും അവനെതിരെ ആയുധങ്ങൾ ശേഖരിച്ചുമെല്ലാം ഇങ്ങനെ ഉറങ്ങാതെ കഴിയേണ്ടിവരും. ഹിറ്റ്ലർ അതിനൊരു നല്ല ഉദാഹരണമാണ്. ബാല്യത്തിൽ തന്നെ മുറിവേൽപ്പിച്ച ആരോടും

പൊറുക്കാൻ അവൻ തയ്യാറായിരുന്നില്ല. തന്നെ വേദനിപ്പിച്ചവരോടുള്ള പക അവനിൽ ആളിക്കത്തിക്കാൻ അവൻ തന്നെ കാരണങ്ങൾ മെനയുന്നുമുണ്ട്. അതുകൊണ്ട് തന്നെ അധികാരം കയ്യിൽ കിട്ടിയനാൾ മുതൽ അവൻ അസ്വസ്ഥനായിരുന്നു. ഇനിയാരെ കൊല്ലണം എങ്ങനെ കൊല്ലണം എന്നൊക്കെ ആലോചിച്ചുകൊണ്ട്. തനിക്കു വിരോധം തോന്നിയവരെ നിഷ്കരുണം മുറിപ്പെടുത്തിയിട്ടും ഗ്യാസ് ചേംബറിലിട്ട് കൊല്ലാക്കൊല ചെയ്തിട്ടും അവന് സ്വസ്ഥത കിട്ടിയില്ല. ഒടുവിൽ സ്വന്തം ജീവൻപോലും നശിപ്പിച്ച് പക തീർത്തു കടന്നുപോയ നേതാവാണ് ഹിറ്റ്ലർ എന്നു മറക്കരുത്. കൈപ്പിഴ പറ്റിയവരോടു പൊറുക്കാനുള്ള മനസ്സുണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ആയുർദൈർഘ്യം കുറേക്കൂടി വർധിച്ചേനെ.

കൈപ്പിഴ പറ്റിയവർക്ക് മാപ്പുകൊടുക്കുന്നില്ലെന്നു മാത്രമല്ലത്തന്നെ മുറിവേൽപ്പിച്ചവനെ അതേ ആയുധം ഉപയോഗിച്ച് അതിനേക്കാൾ ആഴത്തിൽ മുറിവേൽപ്പിക്കുന്നിടത്തോളം കാര്യങ്ങൾ എത്തിച്ചേർന്നിട്ടുണ്ട്. ഒരു നാണയത്തുട്ടുകൊണ്ട് വിധി തീർപ്പുകൽപിക്കുന്ന മനുഷ്യർ സത്യമായും അസുരഗണത്തിൽപെട്ടവരേക്കാൾ മോശം മനുഷ്യർ തന്നെ. പല്ലിനു പകരം പല്ല് കണ്ണിനുപകരം കണ്ണ് എന്ന നിയമം നിർമ്മിച്ചതെന്തായാലും ദൈവമാവാൻ വഴിയില്ല.

കഴിഞ്ഞ ദിവസത്തെ പത്രവാർത്ത പൊള്ളലോടെയല്ലേ നാം വായിച്ചു തീർത്തത്. മകളെ നിഷ്ഠൂരമായി കൊന്നവനെ പോലീസ് പിടിച്ചുകൊണ്ടുവന്ന് ആ അമ്മയുടെ മുൻപിൽ എത്തിക്കുകതന്നെ ചെയ്തു. മകളെ നഷ്ടപ്പെട്ടതിന്റെ ദുഃഖവും കണ്ണീരും ആ മുഖത്തുനിന്നു മാറി മറഞ്ഞിരുന്നില്ല. എന്നിട്ടും ആ സ്ത്രീ പറഞ്ഞ വാക്കുകൾ ഇപ്രകാരമാണ്; സാറേ, എന്റെ മകളെ കൊന്ന ഇവനെ വെറുതെ വിടരുത്. അവനെന്റെ മകളെ എങ്ങനെ കൊന്നുവോ അതുപോലെ അവനെയും കൊല്ലണം എങ്കിലേ എനിക്കു മനശാന്തിയുണ്ടാകൂ. മകളോടുള്ള സ്നേഹം കൊണ്ടാണോ ആ അമ്മ ഇങ്ങനെയൊക്കെ പറയുന്നതെന്നു നമുക്ക് മനസ്സിലാവുന്നില്ല. മകളോടുള്ള സ്നേഹം ഒരമ്മ പ്രകടിപ്പിക്കേണ്ടത് ഇങ്ങനെയൊക്കെയാണോ?

മനോരോഗാശുപത്രിയിൽ കഴിയുന്ന ഒരു പെൺകുട്ടിയെ എനിക്കു പരിചയമുണ്ട്. നാളുകളേറെയായി അവൾ അതേ അവസ്ഥയിൽ തന്നെയാണ്. പ്രണയനൈരാശ്യമാണ് ചിത്തഭ്രമത്തിനു കാരണം എന്നാണ് അവളെ ശുശ്രൂഷിക്കുന്നവർ പങ്കുവച്ചത്. പക്ഷേ, ഈ കുട്ടിയുടെ മനോനില തെറ്റാനുള്ള കാരണം പ്രണയനൈരാശ്യത്തേക്കാളധികം തന്നെ ചതിച്ചവന് മാപ്പുകൊടുക്കാതെ ജീവിക്കുന്നതുകൊണ്ടാണെന്ന് അവളുടെ വാക്കുകളിൽ നിന്നും സ്പഷ്ടമാകുന്നുണ്ട്. കാണുന്നവരോടെല്ലാം ഇവൾ മുഴുഭ്രാന്തിയെപ്പോലെ ഒരു കത്തിയും പിടിച്ചുനിന്ന് അലറിപ്പറയുന്നത് ഇപ്രകാരമാണ് : എന്റെ സ്വപ്നങ്ങൾ തകർത്ത് എന്നെ നശിപ്പിച്ചവനെ ഒരിക്കൽകൂടി കണ്ടുമുട്ടിയാൽ ഈ കത്തികൊണ്ട് അവനെ കൊന്ന് ഞാനും ചാകും.

പ്രിയസുഹൃത്തേ, കണ്ണൊന്നടച്ചാൽ നിന്റെ ഉൾക്കണ്ണിൽ തെളിയുന്ന രൂപങ്ങൾ ആരുടെയൊക്കെയാണ്? ആഴമായ് നിന്നെ മുറിപ്പെടുത്തിയവരുടെയോ അതോ നിന്നെ നെഞ്ചോട് ചേർത്ത് പിടിച്ചവരുടേയോ? പലപ്പോഴും മുറിപ്പെടുത്തിയവരുടെ മുറിവുകളും മുഖങ്ങളുമാണധികം. കാരണം കൂടാതെ നിനക്കെതിരെ പറഞ്ഞവരോടും നിന്നെ നീതിപീഠത്തിലേക്കു വലിച്ചിഴച്ചവരോടും നിന്റെ ശരീരത്തെ തൊട്ടു കളങ്കപ്പെടുത്തിയവരോടും നിന്നെ മറ്റുള്ളവരുടെ മുമ്പിൽ നിർത്തി നാണം കെടുത്തിയവരോടും നിന്റെ സ്വപ്നങ്ങൾ തച്ചുടച്ചവരോടും നിനക്ക് പൊറുക്കാൻ കഴിയുന്നുണ്ടോ? അതിനു കഴിഞ്ഞിട്ടില്ല എങ്കിൽ നീ ഈ ജീവിതത്തിന്റെ യഥാർത്ഥ സ്വസ്ഥതയും മധുരിമയും നുണഞ്ഞിട്ടില്ല.

കൈപ്പിഴകൾ ഇനിയും ആവർത്തിക്കാതിരിക്കാൻ വേണ്ടിയെങ്കിലും ചിലരോടുള്ള നിന്റെ പക അവസാനിപ്പിച്ചുകൂടെ? ഇപ്പോൾ നീ അവന്റെയോ അവളുടെയോ കൈപ്പിഴകൾ ബോധപൂർവ്വം പൊറുത്തില്ലായെങ്കിൽ ഇനിയും മറ്റു പല രൂപഭാവങ്ങളോടെ ഇത്തരം കൈപ്പിഴകൾ അവർ വീണ്ടും ആവർത്തിക്കുകതന്നെ ചെയ്യും. ചില കണക്കുകൾ കിട്ടാക്കടമായി എഴുതി തള്ളുന്നതുപോലെ ചില സങ്കടങ്ങളും ചില മുറിവുകളും നിനക്കും എഴുതിത്തള്ളിക്കൂടെ... കാര്യമില്ലെന്നറിഞ്ഞിട്ടും എന്തിനാണ് തീർത്താൽ തീരാത്ത പകയുടെ വികൃതാക്ഷരങ്ങൾ നിന്റെ ഹൃദയഭിത്തിയിൽ കുറിച്ചിടുന്നത്? എല്ലാ തെറ്റുകളും ബോധപൂർവ്വം പൊറുക്കുമ്പോൾ മാത്രമാണ് പുറത്തെ ശാന്തതയും സന്തോഷവും ഉള്ളടരുകളിലും പച്ചപിടിക്കൂ എന്ന് ഇനിയെങ്കിലും നമുക്ക് തിരിച്ചറിഞ്ഞു തുടങ്ങാം. കടിച്ചു കീറാൻ നിൽക്കുന്ന ചീറ്റപ്പുലിയെപ്പോലെയും വിശന്നു വലഞ്ഞ് ഇരയെക്കാത്തിരിക്കുന്ന സിംഹത്തെപ്പോലെയും നമ്മളെത്രനാൾ ഇങ്ങനെയൊക്കെ ജീവിക്കുമെന്നു ചിന്തിച്ചിട്ടുണ്ടോ ?

ഇത്രയൊക്കെ ഗൗരവം വേണോ നമുക്ക്. കാലൊന്ന് വഴുതി വീണാൽ, കാറ്റൊന്നു മാറി വീശിയാൽ തീരാവുന്ന ജീവിതമല്ലേ നമുക്കുള്ളൂ. കൂടിയാൽ 36000 ദിവസം മാത്രം ജീവിക്കുന്ന നമ്മൾ എന്തിനാണ് പരസ്പരം മുഖത്തോടു മുഖം നോക്കാതെ പിണങ്ങിയും മാപ്പു കൊടുക്കാതെയുമൊക്കെ ജീവിക്കുന്നത്. നിനക്കും എനിക്കും ഒരു കൈപ്പിഴ

*(ശേഷം 17-ാം പേജിൽ)*



## പാപ്പാമൊഴികൾ


**"സമ്പത്തിൽ ആഗ്രഹിക്കരുത്. എനിക്ക് മതിയാവോളം ഉണ്ടെന്ന് മേനി പറയുകയും അരുത് (പ്രഭാ. 5:2).**

പരിശുദ്ധ പിതാവ് പറയുന്നു. ധനത്തിലുള്ള അതിശ്രദ്ധ ആരോഗ്യം നശിപ്പിക്കുകയും അതേക്കുറിച്ചുള്ള ഉത്കണ്ഠ ഉറക്കം ഇല്ലാതാക്കുകയും ചെയ്യുന്നു. നിന്റെ നിക്ഷേപം എവിടെയോ, അവിടെയായിരിക്കും നിന്റെ ഹൃദയവും എന്ന് ഈശോ പറയുന്നതിന്റെ പൊരുളിതാണ്.

ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവ് നഷ്ടമായാൽ അതിനു പകരമായി എന്ത് കൊടുക്കും എന്ന വചനം സ്വീകരിച്ച് മാനസാന്തരപ്പെട്ട വിശുദ്ധനെ ഓർക്കുക. പുഴു അരിക്കാത്ത, ചിതൽ നശിപ്പിക്കാത്ത, കള്ളന്മാർ കവർന്നെടുക്കാത്ത സ്വർഗ്ഗരാജ്യത്തിനു നിക്ഷേപം കരുതിവെക്കുക. ധനത്തിലുള്ള അതിശ്രദ്ധ ആരോഗ്യം നശിപ്പിക്കുകയും, അതേക്കുറിച്ചുള്ള ഉത്കണ്ഠ ഉറക്കം ഇല്ലാതാക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ പരിപാലനയിൽ ഉറച്ചുവിശ്വസിക്കുക, ജീവിതത്തിനുണ്ടാകുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും കരകയറാനുള്ള ഉപാധികളാണെന്ന് മനസ്സിലാക്കാൻ പരിശ്രമിക്കുക.

*സ്വതന്ത്രവിവർത്തനം*
*തയ്യാറാക്കിയത്:*
**ഫാ. ജോൺസൺ പന്തപ്പിള്ളിൽ ISch**

## കിലുകിലുമണികൾ



ബ്രദർ ആൾറിൻ **ISch**

ഒന്നാം വർഷ വൈദീകാർത്ഥി,
ആളൂർ മേരിമാത ഷേൺസ്റ്റാട്ട് ഭവൻ



കിലുകിലുമണികൾ കിലുങ്ങി,
പാതിരമഞ്ഞിനെ ഉണർത്തി,
വിണ്ണിലെ താരകൾ വിടർന്നു
പാരിൽ രക്ഷകൻ ആഗതനായി...
ഇരുളിൽ തെളിയാൻ കിഴക്കുദിച്ചൊരു
നക്ഷത്രപ്രഭയും,
ഉണ്ണിക്കു കൂട്ടായി നിൽക്കാൻ വന്നൊരു
കുഞ്ഞാടുകളും
ഗ്ലോറിയ... ഗ്ലോറിയ...
ഗ്ലോറിയ... ഇൻ എക്സൽസിസ് ദീയോ ... (2) (കിലുകിലു..)
വിശാലമാം തെരുവീഥിയിൽനിന്നും
രാജാക്കന്മാരും,
പൈതൽ ഉണ്ണിയെ കാണാനെത്തിയ,
ആട്ടിടയർ കുഞ്ഞാടുകളും (ഗ്ലോറിയ) (കിലുകിലു..)



## ഏവർക്കും മരിയദൂതിന്റെ ക്രിസ്തുമസ്
## പുതുവത്സരാശംസകൾ!!!

# നെഞ്ചുംകൂട്

കവിത

ബ്രദർ റൊണാൾഡ് ജോർജ്ജ് ISch

ഒന്നാം വർഷ ദൈവശാസ്ത്ര വൈദീകാർത്ഥി,
കെന്റണിഹ് വിദ്യാനികേതൻ, ബാംഗ്ലൂർ



കുഞ്ഞാടിന്റെ കഴുത്തിനോട് കത്തിചേർത്തു
കുഞ്ഞാട് കണ്ണുയർത്തി കശാപ്പുകാരനോട്
"എന്റെ നെഞ്ചിൽനിന്നും അൽപ്പമെടുത്ത്
നന്നായി വറുത്ത് മണിക്കുട്ടന് കൊടുക്കണം"
തലമുതൽ മുഴങ്കാലുവരെ വീട്ടിലുള്ള എല്ലാവർക്കുമായി കുഞ്ഞാട്
തന്നെത്തന്നെ മരണത്തിന് തലേരാത്രി വീതിച്ച് നൽകിയിരുന്നു!
കശാപ്പുവെള്ളിയാഴ്ച കത്തിയുടെ മുനയിൽ കശാപ്പിനൊരുങ്ങിയവന്റെ
കണ്ണീരുവീണു ചിതറി; കുഞ്ഞാട് പറഞ്ഞു
"മടിക്കേണ്ടാ ഞാനിതിനായ് പിറന്നതാണ്, എന്റെ നെഞ്ചുംകൂട്ടിലേയ്ക്ക് കത്തിയിറക്കൂ"
കുഞ്ഞാടിന്റെ ഇടനെഞ്ചിൽനിന്നും രക്തവും ജലവുമൊഴുകി.
അപ്പൻ വീട്ടിൽ ഓരോരുത്തർക്കുമായി ഓരോ ഭാഗവും പ്രത്യേകം പാകപ്പെടുത്തി.
ഊട്ടുമേശയിൽ അത്താഴം നിരത്തി
പതിവില്ലാതെ മണിക്കുട്ടൻ നേരത്തെയുറങ്ങി,
സിനിമയ്ക്കുപോയ മൂത്തമക്കൾ പുറത്തുനിന്നും ഭക്ഷണം കഴിച്ചു,
വീട്ടമ്മയ്ക്ക് വയ്യായ്കയുണ്ട്; മാംസാഹാരം പാടില്ല,
പാകപ്പെടുത്തിയവൻ രണ്ടു കഷ്ണം കഴിച്ച് ബാക്കിവന്നത്-
ഫ്രിഡ്ജിൽവച്ചു - ആഴ്ച്ചകളോളം അതിൽ മരച്ച്...
ഉള്ളമൊരുക്കാത്ത പേരിൽ കുർബ്ബാന കൈക്കൊള്ളാതെ
നിലത്ത് പടഞ്ഞിരിക്കുമ്പോൾ മേലോട്ട് നോക്കുക,
നിങ്ങളുടെ ദൈവാലയത്തിന്റെ മേൽക്കൂരയിൽ
കുഞ്ഞാടിന്റെ നെഞ്ചുംകൂട് തകർന്ന എല്ലുകൾ കാണാം.



## വചനവിചിന്തനം

"ചെറിയ കാര്യങ്ങളിൽ വിശ്വസ്തരായിരിക്കുന്നവനെ വലിയ കാര്യങ്ങൾ ഞാൻ ഭരമേൽപ്പിക്കും" (മത്താ. 25:14-30).

താലന്തുകളുടെ ഉപമയുടെ അവസാനഭാഗത്താണ് കർത്താവ് ഈ വചനം പറയുന്നത്. ഈശോയുടെ യുഗാന്ത പ്രഭാഷണത്തിന്റെ ഭാഗമാണിത് (മത്താ. 24-25). ഒരു താലന്ത് വലിയൊരു സംഖ്യയാണ്. ഈശോ ജീവിച്ചിരുന്ന കാലത്ത് ഒരു കൂലിത്തൊഴിലാളിയുടെ പതിനഞ്ചുവർഷത്തെ അദ്ധ്വാനം മുഴുവനും വേണം ഒരു താലന്താകാൻ (മത്താ. 18:23) ഇപ്പോഴത്തെ കണക്കനുസരിച്ച് 5,50,000 രൂപ. താലന്തിന് "പണം" എന്നാണർത്ഥം. അപ്പോൾ '5' താലന്ത്, 10 താലന്ത് എന്നൊക്കെ പറയുന്നത് വലിയ സംഖ്യയാണെന്ന് മനസ്സിലാക്കാം. ദൈവം നമ്മെ പണവും സ്വത്തും ഏൽപ്പിച്ചിട്ടുണ്ട്. അത് വർദ്ധിപ്പിക്കാൻ നമുക്ക് കടമയുണ്ട്. കിട്ടുന്ന കാശ് കള്ള് കുടിച്ച് നശിപ്പിക്കുന്നവന് കണക്കു ബോധിപ്പിക്കേണ്ടിവരുമെന്നത് വ്യക്തം.

എന്തായിരുന്നു പണം/സ്വത്ത് വർദ്ധിപ്പിക്കാത്തവന്റെ ന്യായം? മുതലാളി കഠിനഹൃദയനാണ്, അനീതി പ്രവർത്തിക്കുന്നവനാണ്; അവൻ തനിക്ക് കിട്ടിയ സ്വത്ത് കളയാതെ സൂക്ഷിച്ചു. എന്നാൽ അത് പോര. യജമാനൻ അവനെ ശിക്ഷിക്കുകയും അവന്റെ പണം അവനിൽനിന്ന് എടുക്കുകയും ചെയ്തു. ഇങ്ങനെ താലന്ത് പിൻവലിക്കുന്നതു വഴിയായി യജമാനൻ കൂടുതൽ കഠിനഹൃദയനായി ചിത്രീകരിക്കപ്പെടുകയില്ലേ എന്ന ചിന്ത ഇവിടെ പ്രസക്തമാണ്. ദൈവം ദാനമായി നൽകുന്നത് വർദ്ധിപ്പിക്കാൻ നമുക്ക് കടമയുണ്ട്, സൂക്ഷിച്ചുവച്ച് ദരിദ്രനാകുന്നത് പുണ്യമല്ലയെന്നതാണ് ഇവിടുത്തെ വിഷയം.

ശിഷ്യന്മാരെ ദൈവരാജ്യം ഏൽപ്പിച്ചിട്ട് മനുഷ്യപുത്രൻ വിടചൊല്ലുകയാണ്. അവർ അവരുടെ ദൗത്യം നിറവേറ്റുമോ? വികസിപ്പിക്കുമോ?

ഓരോ വ്യക്തിയുടെയും കഴിവനുസരിച്ചാണ് ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുക, കൂടുതൽ കഴിവുള്ളവർക്ക് ഉത്തരവാദിത്വങ്ങൾ കൂടുതലാണ്. കഠിനാദ്ധ്വാനം ചെയ്യാൻ അവർക്ക് സാധിക്കണം, കണക്ക് ബോധ്യപ്പെടുത്തുകയും ചെയ്യണം.

കുറച്ചുകിട്ടിയവൻ (ഒരു താലന്ത് ലഭിച്ചവർ) പരാതിക്കാരനായി മാറി. എപ്പോഴും പരാതിപറയുന്നവന് മറ്റുള്ളവരുടെ അടിമയായിരിക്കാനാണ് വിധി. കാരണം ഇല്ലാത്തവനിൽനിന്ന് ഉള്ളതുകൂടി എടുക്കപ്പെടും. മടിയന്മാർക്ക് ഈ ലോകത്തിൽ ജീവിക്കാനവകാശമില്ലായെന്ന് സാരം.


ലേഖനം

# സ്വാതന്ത്ര്യത്തിന്റെ വാതിൽ - ജീവന്റെ ദൈവത്തിനായി

ഷേൺസ്റ്റാട്ട് വൈദിക സമൂഹത്തിന്റെ കേരള പ്രവിശ്യയുടെ ഫസ്റ്റ് കൗൺസിലർ



ഫാ. ബാബു കളത്തിങ്കൽ
ISch



**അതിരുകളില്ലാത്ത സ്നേഹം:**

"ദൈവം സ്നേഹമാകുന്നു" (1 യോഹന്നാൻ 4:8). വളരെ ലളിതമായ ഒരു സരണി. ''തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹന്നാൻ 3: 16). നമുക്കേവർക്കും സുപരിചിതമായ വാക്കുകൾ; സ്നേഹത്തിന്റെ പാരമ്യം തുളുമ്പി നിൽക്കുന്ന വചസ്സുകൾ.

നമ്മെ വഴി നടത്താനുതകുന്ന ദൈവസ്നേഹാനുഭവങ്ങൾ ഒത്തിരിയുണ്ട് വിശുദ്ധ ഗ്രന്ഥത്തിലുടനീളം. ഇവയെല്ലാം മാനവരാശിയെ ദൈവത്തിന്റെ സ്നേഹത്തിലേയ്ക്ക് മാടിവിളിക്കുന്നു. ജീവന്റെ ദൈവത്തിൽ വിശ്വസിക്കുവാൻ പ്രചോദനം നൽകുന്നു. ആദിമാതാപിതാക്കന്മാരുടെ കാലം മുതൽ മനുഷ്യനായി അവതീർണ്ണനാകുന്ന ദൈവവചനത്തിന്റെ കാലം വരെയുള്ള ചരിത്രം ദൈവത്തെ അന്വേഷിക്കുന്ന ജനത്തിന്റേതാണ്; ഒപ്പം തൻപ്രിയ ജനതയെ തന്നിലേക്കടുപ്പിക്കുവാൻ വെമ്പൽക്കൊള്ളുന്ന സ്നേഹമസൃണനായ (നിധിയായ) ദൈവത്തിന്റേതും. അവിടുത്തെ സ്നേഹത്തിന് അതിരുകളില്ല എന്നതാണ് സത്യം!.

ദൈവസ്നേഹം മനുഷ്യനാകുന്നു; ദൈവപുത്രൻ നമ്മിലൊരുവനാകുന്നു. ഹാ! ഇതൊന്തൊരു കഥ! സർവ്വശക്തനായ ദൈവത്തിന് ഇതിന്റെ വല്ല ആവശ്യവുമുണ്ടോ? അവിടുത്തേയ്ക്ക് എല്ലാം സാദ്ധ്യമല്ലേ? തീർച്ചയായും! തന്റെ സൃഷ്ടിയെ താനുമായി വീണ്ടും ഒന്നിപ്പിക്കാൻ അവിടുത്തേക്ക് വേറെ വഴികൾ തേടാമായിരുന്നു. എന്നിട്ടും അവിടുന്ന് ചെറുതാകുന്നു: നമ്മെ രഞ്ജിപ്പിക്കുന്നതിനായി നമുക്ക് ജീവൻ നൽകാനായി. തന്റെ ദൈവീകാവസ്ഥയെ പരിഗണിക്കാതെ നമ്മിലൊരുവനാകുന്നതിലൂടെ നമ്മോടുള്ള അവിടുത്തെ സ്നേഹമാണ് ഇവിടെ മുന്നിൽ നിൽക്കുക. "തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ഈ ലോകത്തെ അത്രമാത്രം സ്നേഹിച്ചു".

**വഴിതേടുന്ന സ്രഷ്ടാവ് :**

തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യകുലത്തെ അവിടുന്ന് സകല നന്മകളാലും നിറച്ചു. ആദിമാതാപിതാക്കളുടെ സ്വാതന്ത്ര്യ ദുർവിനിയോഗത്താൽ നഷ്ടപ്പെട്ട ആ പറുദീസ, ദൈവസ്നേഹസാന്നിദ്ധ്യാവസ്ഥ പുനഃസ്ഥാപിക്കുവാൻ അവിടുന്ന് വഴികൾ തേടുന്നു. സൃഷ്ടിയെ സ്നേഹിക്കുന്ന സൃഷ്ടാവായ ദൈവം താൻ തെരഞ്ഞെടുത്ത തന്റെ ജനത്തിന്റെ കൂടെ ചരിക്കുന്നു. തിരിച്ചുവരവിനായുള്ള എത്രയോ വിളികൾ അവിടുന്ന് നടത്തുന്നു: എന്തുമാത്രം അവസരങ്ങൾ അതിനായി അവർക്ക് കൊടുക്കുന്നു; എത്രയേറെ അനുഭവങ്ങൾ അവർക്കേകുന്നു: എന്നാലും ദൈവത്തിലേക്ക് തിരിയുന്നവർ, അവിടുത്തെ പരിപാലനയിൽ ആശ്രയിച്ച് മുന്നേറുന്നവർ വളരെ ചുരുക്കം. മനുഷ്യഹൃദയങ്ങളിലേക്ക് വഴിതേടുന്ന ദൈവസ്നേഹത്തിന് വഴിമുട്ടിയില്ല. അവരെ നേരിൽ കാണുവാൻ അവിടുന്ന് തീരുമാനിച്ചുറപ്പിക്കുന്നു.

**ക്രിസ്തുമസ്സ്:**

മനുഷ്യകുലത്തെ താനുമായി അനുരഞ്ജിപ്പിക്കാനുള്ള ദൈവത്തിന്റെ ഈ തേടലും കരുതലും അതിന്റെ പാരമ്യത്തിൽ എത്തുകയാണ് - രക്ഷണീയകൃത്യത്തിനായി, ലോക അനുരഞ്ജനത്തിനായി മനുഷ്യരുടെ കൂടെ വസിക്കുവാൻ അവിടുന്ന് തീരുമാനിച്ചുറപ്പിക്കുമ്പോൾ; മനുഷ്യനായി അവതീർണ്ണനാകുമ്പോൾ അതൊരു അസുലഭചരിത്ര നിമിഷമാണ്. സ്വർഗ്ഗവും ഭൂമിയും ആനന്ദിക്കുന്ന നിമിഷം, ഹല്ലേലൂയ്യാ പാടുന്ന മാലാഖമാർ, പുൽത്തൊട്ടിലിലെ ദിവ്യപൈതലിനെ താണുവണങ്ങുന്ന ആട്ടിടയന്മാർ, ആരാധിക്കുന്ന രാജാക്കന്മാർ, മണ്ണിനെയും വിണ്ണിനെയും ഒന്നാക്കാൻ രാജാധിരാജൻ, ജീവന്റെ ദൈവം നമ്മിലൊരുവനായി ഇതാ നമ്മുടെ ഇടയിൽ.

**ജീവന്റെ ദൈവം ക്ഷണിക്കുന്നു :**

ജീവന്റെ ദൈവമായി ഈ മണ്ണിൽ ഭൂജാതനായി നമ്മുടെ അരികിലെത്തുന്ന ദൈവത്തിന് കൂട് കൂട്ടാൻ നാം ഇടം കൊടുക്കേണ്ടേ? അവിടുത്തെ മക്കളും അവകാശികളുമാക്കാൻ നമ്മെ തേടി വരുന്നവനെ നാം സ്വീകരിക്കേണ്ടേ? ഈ തിരുപ്പിറവിയിൽ നമ്മോടുള്ള ചോദ്യങ്ങളാണിവ. ഉത്തരം കൊടുക്കുവാൻ നാം കടപ്പെട്ടവരാണ്. "നമ്മെ കൂടാതെ നമ്മെ സൃഷ്ടിച്ച ദൈവത്തിന് നമ്മെ കൂടാതെ നമ്മെ രക്ഷിക്കാൻ സാധ്യമല്ല" എന്നുള്ള വി. അഗസ്റ്റിന്റെ ജീവിതാനുഭവം ഇവിടെ ചൂണ്ടുപലകയായി നിലക്കൊള്ളുന്നു. വ്യക്തിസ്വാതന്ത്ര്യത്തിൽ നിന്നുത്ഭൂതമാകുന്ന ദൈവസ്നേഹാശ്ലേഷത്തിനായ് ആ ദിവ്യപൈതൽ നാം ഓരോരുത്തരെയും ക്ഷണിക്കുന്നു.

ഈ ക്ഷണം, ദൈവം ഉണ്ടെന്ന് വിശ്വസിക്കുവാനുള്ള ക്ഷണമാണ്; അവിടുന്ന് ജീവന്റെ ദൈവമാണെന്ന് മനസ്സിലാക്കുവാനുള്ള ഒരു ക്ഷണം. അതേ, അവിടുന്ന് നമ്മളുമായി അവിടുത്തെ ജീവൻ പങ്കുവയ്ക്കുന്നു എന്ന തിരിച്ചറിവിനുള്ള അവസരം - യേശുക്രിസ്തു നമ്മിലൊരുവനായിതീരുന്നു എന്നു വിശ്വസിക്കുവാൻ. എല്ലാവരേയും പുൽകുവാനായി പുൽതൊട്ടിയിൽ വിടർന്നു നിൽക്കുന്ന ദിവ്യശിശുവിന്റെ കൈകൾ ദൈവത്തിന്റേതാണ്. ദൈവം നമ്മുടെ കൈകളെ തേടുന്നത്, നമ്മെ എത്തിപ്പിടിക്കാൻ ശ്രമിക്കുന്നത് ചുരുട്ടിയ മുഷ്ടികളുമായല്ല, മറിച്ച് എതിരിടാൻ ശക്തിയില്ലാത്ത വളരെ മൃദുലമായ പിഞ്ചുകൈകളാലാണ്.

മനുഷ്യസ്വാതന്ത്ര്യത്തിന് വിലകല്പിക്കുന്ന ദൈവം ഓരോ ക്രിസ്തുമസ്സിനും ഈ ദിവ്യപൈതലിനെ നമ്മുടെ മുന്നിലേക്ക് വച്ചുക്കൊണ്ട് നമ്മുടെ ഹൃദയങ്ങളെ തേടുകയാണ്; നമ്മുടെ പ്രത്യുത്തരത്തിനായി നമ്മുടെ ജീവിത വാതിൽക്കൽ മുട്ടുകയാണ്. അവിടുന്ന് നമ്മോട് പറയുന്നു : വരിക, തിരിയുക എന്നിലേക്ക് ; എന്നിൽ വിശ്വസിക്കുക, നിനക്ക് നിരാശപ്പെടേണ്ടി വരില്ല. എന്റെ വചനത്തിന്റെ ആഴവും നിന്നെ ഉൾക്കൊള്ളാനുള്ള അതിന്റെ ശക്തിയും അനുഭവിച്ചറിയുക. ഞാൻ നിന്റെ ജീവന്റെ ദൈവമാണ്.

**സ്വാതന്ത്ര്യത്തിന്റെ വാതിൽ :**

ജീവന്റെ ദൈവത്തിനായി വാതിൽ തുറന്നു കൊടുക്കുക, അവിടുന്നിൽ വിശ്വസിക്കുക എന്നത് ഒരിക്കലും യാന്ത്രികമായ ഒരു പ്രവൃത്തിയല്ല. ബട്ടൺ അമർത്തുമ്പോൾ ഒരു യന്ത്രം പ്രവർത്തിക്കും! വീണ്ടും ബട്ടൺ അമർത്തുമ്പോൾ അതു പ്രവർത്തന രഹിതമാകും. നമ്മുടെ ബുദ്ധിയെയും, മനസ്സിനെയും, ഹൃദയത്തെയും നമ്മുടെ ഇഷ്ടത്തിനുസരിച്ച് ബട്ടൺ അമർത്തിക്കൊണ്ട് ഒരു യാന്ത്രിക തനിയാവർത്തനത്തിലൂടെ വിശ്വസിത്തിലേയ്ക്ക് നയിക്കുവാൻ സാധിക്കുകയില്ല.

ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടവരാണ് നാം. അവിടുന്ന് ഓരോരുത്തർക്കും അവർക്ക് യോജിച്ച് ജീവിത പദ്ധതി ഒരുക്കിയിരിക്കുന്നു. തനിമയാർന്ന ജീവിതത്തിനുടമകളായ നാം നമ്മുടെ ജീവിതാനുഭവങ്ങളിൽ ദൈവത്തിന്റെ സ്വരം കേൾക്കണം, നമ്മെ വഴി നടത്തുന്ന അവിടുത്തെ കര സ്പർശമേൽക്കണം. നിറസന്തോഷത്തോടെ ജീവന്റെ ദൈവത്തെ ആശ്ലേഷിക്കണം. സ്വതന്ത്രമായ മനസ്സോടും, പൂർണ്ണമായ അറിവോടും കൂടെയുള്ള ഈ ജീവിതപ്രക്രിയയിലൂടെ അനുദിനവും നാം ജീവന്റെ ദൈവത്തിലുള്ള വിശ്വാസത്തിലേക്ക് പ്രവേശിക്കണം ഇതാണ് കൈവിടർത്തി നമ്മെ ആശ്ലേഷിക്കുവാൻ തയ്യാറായി നിൽകുന്നവനെ പുൽകാനുള്ള വഴി.


ഈ വഴി എളുപ്പമാണെന്ന് നമുക്ക് എപ്പോഴും പറയുവാൻ സാധിക്കുകയില്ല. ദൈവം കാണിച്ചു തരുന്ന വഴിയിലൂടെ ചരിക്കുവാൻ ചിലപ്പോൾ ശരിക്കും നമ്മോടുതന്നെ യുദ്ധം ചെയ്യേണ്ടതായി വരും. ഇവിടെ പരി. അമ്മ ഉദാത്ത മാതൃകയായി നിലക്കൊള്ളുന്നു. തന്റെ ചോദ്യങ്ങളും സംശയങ്ങളും വിഷമങ്ങളുമെല്ലാം ഹൃദയങ്ങളും ഹൃദയത്തിൽ സംഗ്രഹിച്ച് ദൈവേഷ്ടം നിറവേറ്റുന്ന അമ്മ. പരി. അമ്മ അതുവഴി ജീവന്റെ വചനത്തെ ഉൾക്കൊണ്ടു ജീവന്റെ ദൈവത്തിന് തന്റെ ജീവതത്തിൽ ഇടം കൊടുത്തു. മനുഷ്യാവതാരം സാധ്യമാക്കി.

പരിശുദ്ധ അമ്മയെപ്പോലെ പൂർണ്ണ സ്വാതന്ത്ര്യത്തോടെ നമുക്കും മനുഷ്യനായി അവതരിച്ച ദൈവവചനത്തിൽ (യോഹ. 1:14) വിശ്വസിക്കാം : ക്രിസ്തുമസ്സ് ഒരു കെട്ടുകഥയല്ല. മനുഷ്യനായി അവതീർണ്ണനാകുന്നവൻ ദൈവവചനമാണ്, പിതാവിന്റെ സ്നേഹസന്ദേശമാണ്, യാഥാർത്ഥ്യമാണ്, ഈ വചനം; വഴിയാണ്, സത്യമാണ്, ജീവനാണ്. ക്രിസ്തുമസ്സ് ദിനത്തിൽ മാത്രമല്ല, വർഷത്തിലെ 365 ദിവസവും. ഈ ദിവസങ്ങളിൽ ക്രിസ്തുമസ്സ് സന്ദേശങ്ങളെക്കുറിച്ച് ധ്യാനിക്കുമ്പോൾ, ആ വചനമായ ജീവന്റെ ദൈവത്തിന് എന്റെ ജീവിതത്തിൽ ഇടം കൊടുക്കുമ്പോൾ, തീർച്ചയായും നമ്മെ സ്വതന്ത്രരാക്കുന്ന, നമ്മെ ആശ്ലേഷിക്കുന്ന, നമ്മെ ചുമലിലേറ്റുന്ന വിശ്വാസത്തിന്റെ ശക്തി അനുഭവിച്ചറിയുവാൻ നമുക്ക് സാധിക്കും!

അന്ന് ബത്‌ലെഹെമിൽ മനുഷ്യനായി പിറന്ന ദൈവം ഇന്ന് നമ്മുടെ ജീവിതത്തിലേക്ക്, ഈ ലോകത്തിലേക്ക് പിറക്കുന്നു. " ജീവന്റെ നാഥ നീ വന്നാലും; എന്റെ ജീവന്റെ വാതിൽ നിനക്കായി ഞാൻ തുറക്കുന്നു" ഇതായിരിക്കട്ടെ നമ്മുടെ പ്രത്യുത്തരം!

ലേഖനം

# രമ്യതയുടെ പുണ്യദിനം



ഫാദർ ഫ്രീഫെക്റ്, സെ. പോൾസ് മൈനർ സെമിനാരി, ഇരിങ്ങാലക്കുട & നോട്ടറി, ഇരിങ്ങാലക്കുട രൂപത കോടതി

**ഫാ. നൗജിൻ വിതയത്തിൽ**

"നമ്മുടെ കർത്താവായ യേശു ക്രിസ്തുവഴി നാം ദൈവത്തിൽ അഭിമാനിക്കുന്നു. അവൻ വഴിയാണല്ലോ നാം ഇപ്പോൾ അനുരഞ്ജനം സാധിച്ചിരിക്കുന്നത്" (റോമ. 5:11)

മഞ്ഞുപെയ്യുന്ന രാത്രിയിൽ നിറഞ്ഞു കത്തുന്ന നക്ഷത്രവിളക്കുകളും ഉയർന്നുകേൾക്കുന്ന ഗ്ലോറിയാ വിളകളുമായി വീണ്ടും ഒരു ക്രിസ്തുമസ്സ് കാലം കൂടിവരവായി.... മണ്ണിനെ സ്പർശിച്ച വിണ്ണിന്റെ സ്നേഹം ഒരു പുൽക്കൂട്ടിൽ പെയ്തിറങ്ങിയ ദിനമാണ് ക്രിസ്തുമസ്. മണ്ണും വിണ്ണും നമ്മിൽ രമ്യതയിലായ പുണ്യദിനം....

ആദിമാതാപിതാക്കളുടെ പാപം ദൈവമനുഷ്യബന്ധത്തിലും മനുഷ്യർ പരസ്പരമുള്ള ബന്ധത്തിലും മനുഷ്യ- പ്രകൃതി ബന്ധത്തിലും വിള്ളലുണ്ടാക്കി. സ്രഷ്ടാവിന്റെ വാക്കിനെ ധിക്കരിച്ച വിലക്കപ്പെട്ട കനി പറിച്ചു തിന്നതിനാൽ സൃഷ്ടി സ്രഷ്ടാവിൽ നിന്നും അകന്നു. ചെയ്ത കുറ്റം ആദ്യ മനുഷ്യർ തന്നെ ജീവിത പങ്കാളിയിൽ ആരോപിക്കാൻ തുടങ്ങിയതോടെ അവർ പരസ്പരമുള്ള ബന്ധത്തിലും ഉലച്ചിൽ സംഭവിച്ചു. അതേതുടർന്ന് ഭൂമി അവനെതിരെ മുള്ളും മുൾച്ചെടികളും മുളപ്പിക്കാനാരംഭിച്ചു. (ഉൽപത്തി. 3:18) അതോടെ പ്രകൃതിയും അവനെതിരായി. ഇപ്രകാരമുള്ള ത്രിവിധ ബന്ധത്തിന്റെ അകൽച്ചയെ മാറ്റി അനുരഞ്ജനത്തിന്റെ പുതിയ പാത തുറക്കാനായി പിതാവായ ദൈവം സ്വപുത്രനെ ഭൂമിയിലേക്കയച്ചു. വി. പൗലോസ് ശ്ലീഹ പറയുന്നു : " ദൈവം മനുഷ്യരുടെ തെറ്റുകൾ അവനെതിരെ പരിഗണിക്കാതെ രമ്യതയുടെ സന്ദേശം ഞങ്ങളെ ഭരമേൽപിച്ചുകൊണ്ട് ക്രിസ്തുവഴി ലോകത്തെ തന്നോട് രമ്യതപ്പെടുത്തിയിരിക്കുന്നു" എന്ന് (2 കോറി. 5: 19) അതായത് ദൈവമനുഷ്യബന്ധത്തിലെ അനുരഞ്ജനദിനം കൂടിയാണ് ഈ ക്രിസ്തുമസ്.



ഇന്ന് ലോകമെമ്പാടുമുള്ള ജനങ്ങൾ ക്രിസ്തുമസ് ആഘോഷങ്ങളിൽ മുഴുകുമ്പോൾ ചില രമ്യതപ്പെടലുകൾ നമുക്കും ആവശ്യമാണ് വിണ്ണിനോടും മണ്ണിനോടും..... വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും അലമുറകൾ എങ്ങും മുഴങ്ങി കേൾക്കും. അസൂയ നിമിത്തം സഹോദര രക്തം ഭൂമിയിൽ വിഴ്ത്തിയ കായേലിന്റെ സന്തതിപരമ്പരകൾ ഇന്നു നീളുന്നു പലരൂപത്തിൽ പല ഭാവത്തിൽ. ഒന്നോർത്താൽ മനസ്സിലാകും ചരിത്രത്തിലേയും പുരാണങ്ങളിലേയും വഴക്കുകളെല്ലാം സഹോദരന്മാർ തമ്മിലായിരുന്നു എന്ന്. ആബേലും കായേലും മാത്രമല്ല പാണ്ഡവരും കൗരവരും, യഹൂദരും - മുസ്ലിമുകളും, ഷിയ- സുന്നി മുസ്ലിമുകൾ, പ്രൊട്ടസ്റ്റന്റുകാരും - കത്തോലിക്കരും എന്തിനും ഇന്ത്യയും പാകിസ്ഥാനും വരെ ഒരർത്ഥത്തിൽ സഹോദരങ്ങൾ തന്നെ. ഇത്തരത്തിലുള്ള ചില കുടുംബ വഴക്കുകളാൽ ഉലയുകയാണ് പലപ്പോഴും നമ്മുടെ പല ബന്ധങ്ങളും എന്നതാണ് സത്യം.

രക്ഷകന്റെ വരവ് ചില ക്രമീകരണങ്ങളൊക്കെ നമ്മോടും ആവശ്യപ്പെടുന്നുണ്ട്. ചില ഉടച്ചുവാർക്കലുകളും പൊളിച്ചെഴുതലുകളും കൂട്ടി ചേർക്കലുകളും നമ്മുടെ വ്യക്തി ജീവിതത്തിലും സമൂഹജീവിതത്തിലും ഈ ക്രിസ്തുമസ് ആവശ്യപ്പെടുന്നുണ്ട്. അതുപോലെ സ്രഷ്ടാവ് - സൃഷ്ടി ബന്ധത്തെ രമ്യതയിലാക്കാൻ രക്ഷകൻ ഒരു ക്രിസ്തുമസ് ദിനത്തിൽ അവതരിച്ചപോലെ അകന്നുപോയ സ്വന്തബന്ധങ്ങളെ കൂട്ടിചേർക്കാൻ ഓരോ ക്രിസ്തുമസ് ദിനവും നമ്മോട് ആവശ്യപ്പെടുന്നുണ്ട്. **അനാദരത്തിന്റെ കൊട്ടാരത്തിൽ സ്വാർത്ഥതയുടെ സിംഹാസനത്തിലിക്കുന്ന ഹേറോദോസുമാർക്കല്ല മറിച്ച് ദാരിദ്രത്തിന്റെ നടുവിലും എളിമയിലും രമ്യതയിലും ജീവിച്ച ഒരു കൂട്ടം ആട്ടിടയർക്കാണ് പുൽക്കൂട്ടിലെ ഉണ്ണീശോ ദർശനം നൽകിയത്.** അതുകൊണ്ടുതന്നെ നമ്മുടെ ബന്ധങ്ങളിൽ ഇത്തരമൊരു രമ്യതകളും എളിമയും രക്ഷകദർശനത്തിനാവശ്യമാണ്. അല്ലെങ്കിൽതന്നെ മസിലുപിടിച്ചു മുഖം വീർപ്പിച്ച് തലതിരിച്ച് ഒന്നു മിണ്ടാതെയിങ്ങനെ എത്രനാൾ നമുക്കു നടക്കാൻ കഴിയും... ഊതിവീർപ്പിച്ച് ബലൂൺ പോലെയുള്ള ഈ ജീവിതം ഒരൊറ്റ കുത്തിനു പൊട്ടും മുൻപേ ഒരു രമ്യപെടൽ നമുക്കും ആവശ്യമല്ലേ...

ജപിച്ചു തീർന്ന സുകൃതജപങ്ങളുടേയും ചെയ്തു തീർന്ന പുണ്യങ്ങളുടെയും ത്യാഗങ്ങളുടെയും ഒപ്പം രമ്യതയിലാക്കിയ ബന്ധങ്ങളുടെ കണക്കുകളുമായി വേണം നമുക്ക് ഈ വർഷം രക്ഷകന്റെ പുൽക്കൂട്ടിലണയാൻ....

Happy Christmas..............

*(11-ാം പേജിലെ തുടർച്ച...)*

പറ്റാൻ അധികസമയം വേണോ? മരിക്കുന്നതിനുമുമ്പ് നീ വെറുക്കുന്നവനോടൊത്ത് ഒരു കോപ്പ ചൂടുകാപ്പി കുടിച്ച് എന്നോട് ക്ഷമിക്കൂ ചങ്ങാതി എന്ന് ഹൃദയപൂർവ്വം പറഞ്ഞാൽ എത്ര ശാന്തതയാണ് നിനക്ക് കൈവരുകയെന്ന് ഒന്നു പരിക്ഷിച്ചുകൂടെ.

മാപ്പുകൊടുത്തതു നീയാണ്. ക്രിസ്തു എല്ലാവർക്കും മാപ്പു കൊടുത്തിട്ടുണ്ട്. തെറ്റിൽ കുരുക്കപ്പെട്ട സ്ത്രീക്കും തള്ളിപ്പറഞ്ഞ പത്രോസിനും ഒറ്റിക്കൊടുത്ത യൂദാസിനും കുന്തംകൊണ്ട് വിലാപ്പുറത്ത് കുത്തിയവനും... അവൻ മാപ്പു കൊടുത്തെന്നു മാത്രമല്ല അവരെ നിത്യതയോളം ഉയർത്താൻ – അവൻ പരിശ്രമിക്കുകകൂടി ചെയ്തിട്ടുണ്ട്.

**ക്രിസ്തുവിന്റെ മുഖം ദർശിക്കണമെങ്കിലും സ്വർഗ്ഗമഹിമ സ്വന്തമാക്കണമെങ്കിലും നീ പൊറുക്കുക മാത്രം ചെയ്താൽ പോര അവർക്കായി പുത്തൻ നന്മ വഴികൾ പകർന്നേകുക കൂടെ ചെയ്യണം.** ധനികനു പറ്റിയ പരിക്ക് അതുമാത്രമായിരുന്നു. ലാസറിനോട് കടന്നുപോകാൻ പറയുകയോ ലാസറിനെ ഉപദ്രവിക്കുകയോ ഒന്നും ആ ധനവാൻ ചെയ്തിട്ടില്ല. എന്നിട്ടും എന്തുകൊണ്ട് ധനവാൻ നരകത്തിലും ലാസർ സ്വർഗ്ഗത്തിലുമെത്തി? ഉത്തരം ഒന്നുമാത്രം. ഒരല്പം കനിവും സ്നേഹസംഭാഷണവും ധനവാൻ നൽകാൻ മറന്നതുകൊണ്ടാണ്. ചിലരെങ്കിലും തന്നെ മുറിപ്പെടു ത്തിയവന് മാപ്പുകൊടുക്കുന്നുണ്ടെന്നു മാത്രമല്ല അവരോട് കരുണാപൂർവ്വം പെരുമാറി അവരുടെ ജീവിതനിലവാരം ഉയർത്താൻ പരിശ്രമിക്കുക കൂടി ചെയ്യുന്നുണ്ട്.

വടക്കാഞ്ചേരിയിലുള്ള തോമാസ് ചേട്ടനെ ഓർക്കാതെ തരമില്ല. തന്റെ കണ്ണിലെ കൃഷ്ണമണിപോലെ വളർത്തിയ തന്റെ മക്കൾ യാത്ര ചെയ്ത വാഹനമായിരുന്നു അമിതവേഗത്തിന്റെ മത്സരപ്പാച്ചിലിൽ ആ ബസ് ഡ്രൈവർ ഇടിച്ച് തെറിപ്പിച്ച്. നിമിഷനേരം കൊണ്ട് രണ്ടുപേരും മരണപ്പെട്ട വാർത്തയാണ് അദ്ദേഹം കേൾക്കുന്നത്. രണ്ടു മക്കളുടെയും മൃതശരീരവും വാരിയെടുത്ത് കരയുന്ന തോമസ് ചേട്ടന്റെ മുഖം ഇപ്പോഴും മനസ്സിൽനിന്നും മായുന്നില്ല. ഈ സംഭവം കഴിഞ്ഞ് അല്പനാളുകൾക്കുശേഷം അദ്ദേഹത്തെ കാണാൻ ചെല്ലുമ്പോൾ എന്റെ മനസ്സിൽ ഒരുപാട് ചോദ്യങ്ങൾ ഉണ്ടായിരുന്നു ; ഇദ്ദേഹം ദൈവത്തെ വെറുത്തു കാണുമോ?

തന്റെ കുരുന്നുമക്കളുടെ ജീവൻ കവർന്നെടുത്ത ആ ബസ് ഡ്രൈവറോട് തീർത്താൽ തീരാത്ത പകയുണ്ടാകുമോ? ജീവിതം മടുത്ത് ആത്മഹത്യയ്ക്ക് ഒരുങ്ങിക്കാണുമോ? ഇത്രയും കലുഷിതമായ മനസ്സോടെയാണ് അകാലത്തിൽ പൊലിഞ്ഞുപോയ ആ മക്കളുടെ അപ്പനെ ഞാൻ കാണാൻ പോയത്. സത്യമായും എന്നെ അമ്പരപ്പിക്കുന്ന നിമിഷങ്ങളായിരുന്നു തുടർന്നുള്ള അദ്ദേഹത്തിന്റെ സംഭാഷങ്ങൾ ; “ അച്ചോ, എന്റെ ദൈവം സ്നേഹവാനായ പിതാവാണ്. എനിക്ക് ഈ മക്കളെ ഇത്രനാളെങ്കിലും നോക്കാനും സ്നേഹിക്കാനും ദൈവം തന്നില്ലേ എനിക്ക് അതുമതി. ഇപ്പോൾ അവിടുന്ന് അവരെ കൂടുതൽ സ്നേഹിക്കാനും സ്വന്തമാക്കാനും സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയതാണ്. എനിക്ക് ദൈവത്തോട് ഒരു പരാതിയുമില്ല. മാത്രമല്ല ആ ഡ്രൈവറോട് സങ്കടവുമില്ല. അച്ചാ, കൈപ്പിഴ ആർക്കും എപ്പോൾ വേണമെങ്കിലും പറ്റാവുന്നതല്ലേയുള്ളൂ... അയാൾക്കുമില്ലേ മക്കളും കുടുംബവുമൊക്കെ. ഞാൻ ആ മനുഷ്യനെ സഹായിക്കാൻ ബാധ്യസ്ഥനാണ്. എല്ലാം ദൈവനിശ്ചയമാണെന്ന് വിശ്വസിച്ച് ഞാൻ ജീവിച്ചോളാം.” സത്യമായും ആ ഭവനത്തിൽനിന്നും തിരിച്ചുവരുമ്പോൾ എന്റെ മിഴികൾ നനഞ്ഞിട്ടുണ്ടായിരുന്നു. ഈ അപ്പൻ മാപ്പു കൊടുത്തതുപോലെ എനിക്കും ഒരുപാട് പേരോട് മാപ്പുകൊടുക്കാൻ ഇനിയും കഴിഞ്ഞിട്ടില്ലല്ലോ എന്നോർത്ത്.

ഒരിക്കൽകൂടി ആ പഴയ നിയമകഥാപാത്രമായ ജോസഫിനെ ഓർക്കുന്നത് നല്ലതാണ്. സ്വന്തം സഹോദരങ്ങൾ മുറിവേൽപ്പിച്ചിട്ടും ആ മനുഷ്യൻ സഹോദരങ്ങൾക്കെതിരെ തിരിയുന്നില്ല. അവർക്കെതിരെ ഒരു വാക്കു പോലും പറയുന്നതുമില്ല. പിന്നെയോ, ക്ഷാമനാളുകളിൽ അവരെ സഹായിക്കാൻ മുൻകൈ എടുക്കുന്നതുപോലും ജോസഫ് തന്നെയാണ്. ഇത്രയും കരുണയും വാത്സല്യവും കാണിച്ചതുകൊണ്ട് തന്നെയാണ് ജോസഫിന്റെ മരണനേരം ശാന്തമായിരുന്നെന്ന് വേദം കുറിച്ചിടുന്നത്.

അതെ, കൈപ്പിഴ പറ്റിയവനോട് പൊറുക്കാനുള്ള ബാധ്യത നിനക്കു വേണം എന്നു ചുരുക്കം. ഒ.വി. വിജയന്റെ കടൽത്തീരത്ത് എന്ന കഥയിലെ അപ്പൻ മകന്റെ തെറ്റുകൾ ന്യായീകരിക്കുന്നില്ല. മറിച്ച് അവനോടൊപ്പം ന്യായപീഠത്തിലേക്കു നടന്നു നീങ്ങുന്നുണ്ട്. അടുത്ത ഊഴം നിന്റെയും എന്റെയുമാണ്. പുസ്തകം മടക്കിവെച്ച് നിന്റെ മുമ്പിൽ മാപ്പിനായി യാചിക്കുന്നവനെ ഹൃദയപൂർവ്വം സ്വീകരിക്കൂ. അപ്പോൾ നീയും ക്രിസ്തുവിന്റെ സുഗന്ധം അനുഭവിക്കും.

പ്രിയ സുഹൃത്തേ, ഇത്രയും ഞാനെഴുതിയത് എനിക്കു പറ്റിയ കൈപ്പിഴ നീ ബോധപൂർവ്വം ക്ഷമിക്കണമെന്നു പറയാൻ വേണ്ടിയാണ്. നിന്നെയും കാത്ത് ഇപ്പോഴും ഞാൻ ഇവിടുത്തന്നെയുണ്ട്. അനുതാപത്തിന്റെ കണ്ണുനീർ വീണു നനഞ്ഞ ഉടലോടെയും ഇനി ഒരിക്കലും നിന്നെ ചതിക്കാനിടവരുത്തരുതേ എന്ന പ്രാർത്ഥനയോടെയും..... നീ തിരിച്ചു വന്ന് എന്നോടു ക്ഷമിക്കുമെന്ന് ഞാൻ വെറുതെയൊന്ന് പ്രതീക്ഷിച്ചോട്ടെ?



# പ്രവാചക ചരിത്രം യാത്രകളിലൂടെ...



റവ. ഡോ. ജോയ് പുതുശ്ശേരി ISch

ഷേൺസ്റ്റാട്ട് വൈദികൻ. ബാംഗ്ലൂരിലുള്ള കെന്റണിഹ് വിദ്യാനികേതന്റെ റെക്ടർ ആയി സേവനം ചെയ്യുന്നു.



ഉറുഗ്വായിലെ താമസത്തിനിടയിൽ 'ക്ലബ് കരോളിക്കോയിലെ ഹാളിൽ വെച്ച് ഫാ. കെന്റണിഹ് പൊതുജനങ്ങൾക്കുവേണ്ടി ഒരു പ്രസംഗം നടത്തി. "ഒരു പുതിയ യുഗത്തിലേയ്ക്കുള്ള സഭയുടെ വഴി എന്നതായിരുന്നു വിഷയം. അടുത്തദിവസം "എൽദിയ" എന്ന് പ്രാദേശിക പത്രത്തിൽ ഈ പ്രസംഗത്തിന്റെ സംഗ്രഹം ഉണ്ടായിരുന്നു. പൈശാചിക ശക്തികളാണ് ഈ യുഗത്തെ നയിക്കുന്നത്. യുദ്ധസമയത്ത് കുറേ ക്രൂരകൃത്യങ്ങൾ നടന്നു. ഒരു രാജ്യത്തുതന്നെ ക്രൂരരും കുറ്റവാളികളും വിശുദ്ധരും വിശിഷ്ടരും ഉണ്ടാവും. ക്രൂരപ്രവൃത്തികളുടെ പിന്നിൽ പിശാച് ഉണ്ട്. നല്ലതും ചീത്തയും തമ്മിലുള്ള ഒരു യുദ്ധം നടക്കുന്നുണ്ടെന്ന് ഒരു സാധാരണ ക്രിസ്ത്യാനിക്കറിയാം. മനുഷ്യശക്തികൊണ്ട് മാത്രം പിശാചിനെ ജയിക്കാമെന്ന് ആധുനിക മനുഷ്യൻ ചിന്തിക്കുന്നുണ്ടെങ്കിൽ അതു സാദ്ധ്യമല്ല.

മെയ് 29-ാം തിയ്യതി രണ്ടു മരിയൻ സിസ്റ്റേഴ്സിന്റെ കൂടെ ഫാ. കെന്റണിഹ് ബോനസ് അയേഴ്സിലേയ്ക്കു വിമാനം കയറി. അർജന്റീനിയൻ തലസ്ഥാനത്തെ ഡോക്ക് 'എഫി'ൽ അവർ ഇറങ്ങി. അവിടെ നിന്നും അർജന്റീനയിലെ ആദ്യത്തെ മരിയൻ സിസ്റ്റേഴ്സിന്റെ ഭവനമായ വില്ലാ ബാല്ലെസ്റ്ററിലേയ്ക്ക് ട്രെയിനിൽ പോയി. സിസ്റ്റേഴ്സിന്റെ മറ്റു ഹൗസുകൾ സന്ദർശിക്കുകയും ജർമ്മൻ ഗ്രൂപ്പുകൾക്ക്, പ്രത്യേകിച്ച് വൈദികരോട് പ്രസംഗിക്കുകയും ചെയ്തു. ഹോളിഫാമിലി സമൂഹത്തിലെ ഫാ. സാന്റിയാഗോ ഡിക്സ് കെന്റണിക്കച്ചൻ കൊടുത്ത ധ്യാനത്തിലെ പ്രധാന സന്ദേശം പിന്നീട് അനുസ്മരിക്കുകയുണ്ടായി. നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന ഓരോ ചെറിയ സംഭവങ്ങളും ദൈവത്തിന്റെ കൊച്ച് പ്രവാചകരാണ്. യുവജനത, വനിത ഗ്രൂപ്പിലെ ഹിൽഡ എന്ന വനിത കെന്റണിക്കച്ചനുമായി സംസാരിച്ചതിനുശേഷം തനിക്ക് കിട്ടിയ ശമ്പളത്തിന്റെ പകുതി മാതാവിനു സമർപ്പിച്ചു.

സിസ്റ്റർ കാൻഡിയുടെയും സിസ്റ്റർ ഉറുസുലയുടെയും കൂടെ ഫാ. കെന്റണിഹ് ബോനസ് അയേഴ്സിൽനിന്നും ചിലിയിലെ സാന്റിയാഗോവിലേയ്ക്ക് പറന്നു. ആൻഡീസ് പർവ്വതത്തിന് മുകളിൽകൂടി പറക്കുമ്പോൾ വിമാനം എയർപോക്കറ്റിൽ വീണു. പിന്നീടതു ശരിയായി. ഫാ. കെന്റണിഹ് സിസ്റ്റേഴ്സിനോടു ചോദിച്ചു: "നിങ്ങൾക്കു പേടി തോന്നിയോ? "ഇല്ല. ഒട്ടും പേടി തോന്നിയില്ല''. "എന്തുകൊണ്ടാണ് നിങ്ങൾക്ക് പേടി തോന്നാതിരുന്നത്?" "അച്ചൻ ഞങ്ങളോടൊപ്പമുണ്ടെന്ന് ഞങ്ങൾക്കറിയാമായിരുന്നു." എന്നവർ മറുപടി നൽകി. ഒന്നു നിർത്തിയതിനുശേഷം അദ്ദേഹം പറഞ്ഞു: **"ഇതു തന്നെയാണ് നമ്മുടെ ജീവിതത്തിലും സംഭവിക്കുന്നത്. എല്ലായ്പ്പോഴും സ്വർഗ്ഗസ്ഥനായ പിതാവ്**

**നമ്മോടൊപ്പമുണ്ട്. അതുകൊണ്ട് പേടിക്കാൻ ഒരു കാരണ വുമില്ല."**

വിമാനത്താവളത്തിൽ ആളുകൾ അദ്ദേഹത്തെ സ്വീക രിക്കാൻ എത്തിയിരുന്നു. ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിലെ അംഗ ങ്ങളോടു അന്നു വൈകീട്ട് ഫാ. കെന്റണിഹ് പ്രസംഗിച്ചു. അദ്ദേഹം പറഞ്ഞു: "ദൈവത്തിന്റെ പദ്ധതിപ്രകാരം കഴിഞ്ഞ കാലങ്ങളിൽ എന്താണ് സംഭവിച്ചത്?" അത് ജെറ മിയ പ്രവാചകന്റെ വാക്കുകൾ ഓർമ്മപ്പെടുത്തുന്നു. "ഞാൻ അയച്ചവരുടെ അടുത്തുപോകുകയും ഞാൻ പറഞ്ഞത് അവ രോട് പറയുകയും ചെയ്യുക. അവരെപ്പറ്റി പേടിക്കേണ്ട, ഞാൻ നിങ്ങളോടൊപ്പമുണ്ട്."

മരിയൻ സിസ്റ്റേഴ്സിന്റെ ഭവനങ്ങൾ അദ്ദേഹം സന്ദർശി ച്ചു. സഭാധികാരികളുമായി അദ്ദേഹം സമ്പർക്കം പുലർത്തി. പ്രസംഗങ്ങളും ധ്യാനങ്ങളും സംഘടിപ്പിച്ചു. എല്ലാവരുടെ കാര്യത്തിലും അദ്ദേഹം ശ്രദ്ധ പതിപ്പിച്ചു.

യൂറോപ്പിലേയ്ക്കുള്ള മടക്കയാത്രയിൽ അദ്ദേഹം വീണ്ടും ബ്രസീലിൽ തങ്ങി. ആഗസ്റ്റ് തുടങ്ങി സെപ്റ്റംബർ വരെ. സെപ്റ്റംബർ 7-ാം തിയ്യതി സ്വാതന്ത്ര്യദിനത്തിൽ സാന്താമരിയ കപ്പേളയ്ക്ക് തറക്കല്ലിട്ടു. 5 ദിവസം കഴിഞ്ഞ് അദ്ദേഹം റോമിലേയ്ക്ക് പോയി. ഒക്ടോബർ 11 ന് ഷേൺസ്റ്റാ ട്ടിൽ തിരിച്ചെത്തി. അങ്ങനെ ആദ്യതതെ ലോകപര്യടനം അവ സാനിച്ചു. മൂന്നുദിവസം കഴിഞ്ഞ് മൂന്നാമത്തെ 'ഒക്ടോബർ വാരം' ഷേൺസ്റ്റാട്ടിൽ സംഘടിപ്പിച്ചു. സ്നേഹത്തിന്റെ ഉട മ്പടി എന്നതായിരുന്നു വിഷയം. എന്നാലും കുറച്ചുകാലം മാത്രമേ അദ്ദേഹം ജർമ്മനിയിൽ തങ്ങിയുള്ളൂ. ഡിസംബർ 29 ന് ജനീവയിൽ നിന്നും തെക്കേ ആഫ്രിക്കയിലേയ്ക്ക് പോയി. ഡിസംബർ 31 ന് ജോഹന്നാസ് ബർഗ്ഗ് വിമാനത്താ വളത്തിൽ ഇറങ്ങി. മൂന്നു മാസത്തെ ദക്ഷിണാഫ്രിക്കൻ പര്യ ടനത്തിന് അവിടെ നിന്ന് തുടക്കമിട്ടു. രാജ്യത്തെ സ്ഥിതിഗ തികളെപ്പറ്റി പഠിച്ചു. മരിയൻ സിസ്റ്റേഴ്സിന്റെ ഭവനങ്ങൾ സന്ദർശിച്ച് ഷേൺസ്റ്റാട്ട് പ്രസ്ഥാനം വ്യാപിപ്പിക്കാൻ വഴിതെ ളിയിച്ചു. ഷേൺസ്റ്റാട്ടിന്റെ മൂന്നു ദൗത്യവുമായി അദ്ദേഹം അവരെ സന്ദർശിച്ചു. ദൈവത്തിലുള്ള വിശ്വാസം, മാതാവു മായുള്ള പരസ്പരസ്നേഹ ഉടമ്പടി, മിഷൻ അവബോധം.

ഓരോ പുതിയ സ്ഥലത്തും മുൻകൂട്ടി നിശ്ചയിച്ച പരി പാടികൾക്ക് ഉപരിയായി ദൈവപരിപാലന നയിക്കുന്നതനു സരിച്ചായിരുന്നു കെന്റണിക്കച്ചൻ പ്രവർത്തിച്ചത്. അവിടത്തെ ജനങ്ങളുടെ ആവശ്യങ്ങൾ അറിയാനും സഭയുടെയും രാജ്യ ത്തിന്റെയും വെല്ലുവിളികൾ അറിയാനും അദ്ദേഹം ശ്രദ്ധിച്ചു. രാത്രിയും പകലും വിശ്രമമില്ലാതെ അച്ചൻ ജോലി ചെയ്തു. കേപ്പ് ടൗണിലെ ബിഷപ്പിന് ഫാ. കെന്റണിഹിനെ നന്നായി ഇഷ്ടപ്പെട്ടു. ഒരിക്കലും വിശ്രമിക്കാത്ത കെന്റണിക്കച്ചന്റെ ആരോഗ്യത്തെ കരുതി ബിഷപ്പ് തന്റെ സെക്രട്ടറിയെ അദ്ദേ ഹത്തിന്റെ അടുത്തേയ്ക്ക് പറഞ്ഞയച്ചു. കുറച്ചു മണിക്കൂറു കൾ ഈ പുരോഹിതൻ അച്ചനെ കൊണ്ടുപോയി കാഴ്ച കൾ കാണിച്ചു. "ബിഷപ്പ് ഇത് ആഗ്രഹിക്കുന്നുവെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ ഈ വാഗ്ദാനം സ്വീകരിക്കുന്നു". കെന്റണിക്കച്ചൻ പറഞ്ഞു രണ്ട് മരിയൻ സിസ്റ്റേഴ്സിനേയും അദ്ദേഹത്തോടൊപ്പം കൊണ്ടുപോയി. കാറിൽ സഞ്ചരിക്കു മ്പോൾ ഡ്രൈവറോട് ചിരിച്ചുകൊണ്ടു പറഞ്ഞു: "ത്യാഗം ചെയ്യാൻ ഞാൻ എപ്പോഴും സന്നദ്ധനാണ്." സുന്ദരമായ ഒരു സ്ഥലത്തെത്തിയപ്പോൾ ഡ്രൈവർ കാർ നിർത്തി ആ സ്ഥലത്തെപ്പറ്റി വർണ്ണിച്ചു. കടൽ, നഗരം, മലകൾ, എല്ലാറ്റി നെപ്പറ്റിയും പറഞ്ഞുകൊടുത്തു. കുറച്ചുസമയം ഫാ. കെന്റ ണിഹ് പ്രകൃതിസൗന്ദര്യം ആസ്വദിച്ചു. എന്നിട്ട് പറഞ്ഞു: "ദൈവത്തിന്റെ സൃഷ്ടി; എല്ലാം ശാന്തം; വായു, വെള്ളം. എന്നിട്ട് സിസ്റ്റേഴ്സിനോടായി പറഞ്ഞു: "നമുക്ക് തിരിച്ചുപോ കാം, ഞാനിവിടെ സ്നേഹഉടമ്പടിയെക്കുറിച്ച് പ്രസംഗിക്കാ നാണ് വന്നിരിക്കുന്നത്. "

എവിടെ താമസിച്ചാലും ധാരാളം കത്തുകൾ അദ്ദേഹ ത്തിന് കിട്ടും. കാത്തുകാർട്ടിലെ പോസ്റ്റുമാന് അത്ഭുതമായി, കെട്ടുകണക്കിന് കത്തുകൾ ഒരാൾക്ക് വരിക! വളരെ പ്രധാ നപ്പെട്ട ഒരു വ്യക്തിയായിരിക്കും അതെന്ന് അയാൾക്ക് തോന്നി. ലഭിക്കുന്ന എല്ലാ കത്തുകളും ഫാ. കെന്റണിഹ് വായിച്ചിരുന്നു. എഴുത്തിൽനിന്നു തന്നെ അദ്ദേഹം ആളെ മന സ്സിലാക്കിയിരുന്നു. എല്ലാ കത്തുകൾക്കും മറുപടി അയക്കുക അസാദ്ധ്യമാണ്. എന്നാൽ പ്രധാനപ്പെട്ടവയ്ക്കും അതു പോലെ തന്നെ വിഷമങ്ങൾ അനുഭവിക്കുന്നവരുടെ കത്തു കൾക്കും അദ്ദേഹം പെട്ടെന്നുതന്നെ മറുപടി എഴുതുമായിരു ന്നു. അദ്ദേഹത്തിന്റെ ഒരു സെക്രട്ടറി പറഞ്ഞു: എല്ലാ കത്തുകളോടും അദ്ദേഹത്തിന് ബഹുമാനമായിരുന്നു. ചവ റ്റുകുട്ടയിലേയ്ക്ക് ഒരു കത്ത് ഇടുന്നതിനുമുമ്പ് അദ്ദേഹം എഴു തിയ ആളെ അനുഗ്രഹിക്കും. അപ്രധാനമായ ഒരു വ്യക്തി യാണെങ്കിലും അദ്ദേഹത്തിന് അയാൾ പ്രധാനപ്പെട്ട ആൾതന്നെ ആയിരിക്കും."

രാജ്യത്തെ കറുത്ത വർഗ്ഗക്കാരോടു അദ്ദേഹത്തിന് വലിയ ബഹുമാനമായിരുന്നു. കെന്റണിക്കച്ചൻ അവരോട് പെരുമാറിയിരുന്ന രീതിയെപ്പറ്റി അദ്ദേഹത്തിന്റെ കൂടെ ഉണ്ടാ യിരുന്ന ഒരു വ്യക്തി ഓർമ്മിപ്പിക്കുന്നു: "സാധാരണ ജനങ്ങ ളെപ്പറ്റി അദ്ദേഹം എങ്ങനെ ചിന്തിച്ചിരുന്നുവെന്ന് എനിക്കൊ രിക്കലും മറക്കാൻ സാധിക്കില്ല. അവരോട് മാതാ വിനെപ്പറ്റിയും പറയും. അവർക്കു മനസ്സിലാവുന്ന രീതിയിൽ ലളിതമായി വിശദീകരിക്കാൻ കെന്റണിക്കച്ചന് കഴിഞ്ഞി രുന്നു".



# ചിരിക്കാൻ ചിന്തിക്കാൻ

**ക്രി**സ്തുമസ് രാത്രിയിൽ അൾത്താരബാലന്മാരുടെ കരോൾ നടക്കുകയാണ്. എല്ലാവരും തൊണ്ട പൊട്ടുമാറ് ഉച്ചത്തിൽ തന്നെയാണ് പാട്ട്. ആളുകൾ വിചാരിച്ചത് ഉണ്ണീശോയോടുള്ള സ്നേഹം കൊണ്ടാണെന്നാ. എന്നാൽ സത്യത്തിൽ ഉണ്ണീശോയുടെ പേരിൽ ഒരു കൊച്ചു പിരിവ് എന്നൊക്കെ അതിനെ വ്യാഖ്യാനിക്കാം. മിക്ക വീടുകളിൽ നിന്നും അൻപതും ഇരുപതും നൂറു രൂപായുമൊക്കെ കിട്ടി. വെറും 5 രൂപയും സമ്മാനിച്ച വീടുകളുമുണ്ടായിരുന്നു. നേതാവ് എല്ലാം എണ്ണി തിട്ടപ്പെടുത്തുന്ന തിരക്കിലായിരുന്നു. എല്ലാംകൂടി 18000 രൂപ അവർക്ക് ലഭിച്ചു. ഈ വർഷത്തെ ടൂർ എന്തായാലും അടിച്ചുപൊളിക്കാം. ഏറിയ സന്തോഷത്തോടെ എല്ലാവരും പാതിരാകുർബ്ബാനയ്ക്കു പള്ളിയിലോട്ടു പോയി. പ്രസംഗത്തിനുശേഷം അച്ചന്റെ അറിയിപ്പിന്റെ സമയമായി ആ അറിയിപ്പ് ഒരു ഒന്നൊന്നര അറിയിപ്പായിരുന്നു. അച്ചൻ പറയുകയാ.. നമ്മുടെ അൾത്താരബാലന്മാർ ഇന്നു വലിയ കാര്യമാണ് ചെയ്തിരിക്കുന്നത്. നന്മനിറഞ്ഞ, നല്ല തങ്കപ്പെട്ട മനസ്സാ നമ്മുടെ ഈ മക്കളുടേത്. അച്ചൻ എന്താണ് ഉദ്ദേശിക്കുന്നതെന്ന് അവർക്ക് മനസ്സിലായില്ലെങ്കിലും തങ്ങളെക്കുറിച്ച് ഇങ്ങനെ നല്ലതു പറയുന്നതുകേട്ട് അവർ കോൾമയിർ കൊണ്ടിരിക്കുകയാണ്. അൾത്താര ബാലന്മാരുടെ നേതാവ് തന്റെ കൂട്ടുകാരോടു പറഞ്ഞു; നമ്മുടെ വികാരിയച്ചൻ നമ്മുടെ മുത്താടാ. കേട്ടില്ല അദ്ദേഹം നമ്മളെക്കുറിച്ച് പറയുന്നത്. മറ്റൊരാൾ പറഞ്ഞു. ഈ ക്രിസ്തുമസ്സിന് നമുക്ക് അച്ചന് നല്ലൊരു ട്രീറ്റു കൊടുക്കാം. വീണ്ടും അച്ചന്റെ സ്തുതി വാക്കുകൾ... ഞാൻ ഒരുപാട് പള്ളിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട് എന്നാൽ ഇത് ആദ്യമായിട്ടാ ഇത്രയും നല്ല കുട്ടികളെ കാണുന്നത്. ഉടനെ ഒരുത്തൻ : "എന്താടാ നമ്മുടെ അച്ചൻ നമ്മെ ഇങ്ങനെ പുകഴ്ത്തുന്നത്?"

വേറൊരുവൻ : നമ്മുടെ നല്ല സ്വഭാവം കൊണ്ടുതന്നെയാടാ; എനിക്കൊക്കെ എന്താ കുറവ്, അത്രയ്ക്കും നല്ല വ്യക്തിത്വം അല്ലെ എന്റെ? പിന്നെ അച്ചൻ ഇങ്ങനെ പറഞ്ഞില്ലേലാ അത്ഭുതം.

മറ്റൊരുവൻ : ഇതിൽ എന്തോ ഒരപകടം മണക്കുന്നുണ്ട്? ഓ.. ഒരു സംശയരോഗി ഇവന് എപ്പോഴും സംശയമാ അവനെ പരിഹസിച്ചുകൊണ്ട് സീനിയറായ ഒരുത്തൻ പറഞ്ഞു. അങ്ങനെ ഓരോരുത്തരായി അടക്കം പറയുന്ന സമയത്ത് അവരുടെ ഹൃദയം തകർക്കുന്ന അച്ചന്റെ അറിയിപ്പ്. നമ്മുടെ അൾത്താര ബാലന്മാർ ഈ കോരിച്ചൊരിയുന്ന തണുപ്പിൽ ഉണ്ണീശോയെകൊണ്ട് ഈ ഇടവകയിലെ ഓരോ ഭവനത്തിലും ചെന്നിരുന്നു. അതിന്റെ പിന്നിലെ കാര്യം നിങ്ങൾക്കറിയോ?... അൾത്താരബാലന്മാരുടെ മുഖം വാടാൻ തുടങ്ങി... അച്ചൻ അവരുടെ പ്ലാനെല്ലാം പൊളിച്ചടുക്കുമോ എന്ന് അവർ സംശയിച്ചു.

അച്ചൻ തുടർന്നു. നമ്മുടെ മക്കൾക്ക് വലിയ ഒരു നിയോഗമുണ്ടായിരുന്നു. വീടുകളിൽ നിന്നും അവർക്കു ലഭിക്കുന്ന തുക ഒരു നല്ല കാര്യത്തിന് ഉപയോഗിക്കാൻ തീരുമാനിച്ചിരിക്കുകയാ... നമ്മുടെ ഇടവകയിലെ ജോണിച്ചേട്ടന്റെ മകന്റെ ചികിത്സയ്ക്കായി; അച്ചൻ തുടർന്നു 18,000 രൂപയാണ് ഇവർക്ക് ലഭിച്ചത്. ഈ തുക നമുക്കു ജോണിച്ചേട്ടനു നൽകാം 'അല്ലെ മക്കളേ' എന്ന അച്ചന്റെ ചോദ്യത്തിന് 'അതെ' എന്നല്ലാതെ വേറൊരു ഉത്തരം അവർക്കു നൽകാനായില്ല. സംശയരോഗി എന്നു പറഞ്ഞു പരിഹസിക്കപ്പെട്ടവന്റെ മുഖത്തു മാത്രം പുഞ്ചിരി.. ഇത്തവണയെങ്കിലും തന്റെ അനുമാനം ശരിയായതിലുള്ള സന്തോഷം. ബാക്കിയുള്ള സുഹൃത്തുക്കളെല്ലാം മുട്ടക്കച്ചവടത്തിൽ നഷ്ടം വന്നവരെപ്പോലെ മ്ലാനവദനരായിരുന്നു.

നമുക്കൊന്നു കാതോർക്കാം

"മനുഷ്യൻ കൊതിക്കുന്നു ദൈവം വിധിക്കുന്നു".

**ജെ.കെ.**

# അനുഭവസാക്ഷ്യങ്ങൾ

## പ്രസാദവരനാഥയ്ക്കും ഉണ്ണീശോയ്ക്കും സ്തുതി



എന്റെ ചേട്ടന്റെ ഭാര്യയ്ക്ക് ബ്രസ്റ്റ് ക്യാൻസർ ആണെന്ന് 2014 ഒക്ടോബർ മാസത്തിലാണ് അറിയുന്നത്. ഞങ്ങൾ 5 കുടുംബങ്ങൾ മാതാവിനോടും ഉണ്ണിയോടും പ്രാർത്ഥിച്ചു. ഒരിക്കലും ഉണ്ടാവില്ല എന്ന് അറിയിച്ചു. ഓപ്പറേഷനോടുകൂടി ബ്രസ്റ്റ് നീക്കം ചെയ്താൽ ഇനി ഒരിക്കലും ഉണ്ടാവില്ല എന്ന് ഡോക്ടർ അറിയിച്ചു. ഓപ്പറേഷനോടകൂടി ബ്രസ്റ്റ് നീക്കം ചെയ്തു. പിന്നീട് തിരുവനന്തപുരം ബി. സി. സി. യിൽ എല്ലാ ടെസ്റ്റുകളും നടത്തുകയും ചെയ്തു. ഇപ്പോൾ 6 മാസം കൂടുമ്പോൾ ആർ. സി. സി. യിൽ ടെസ്റ്റുകൾ നടത്തുന്നു. യാതൊരു കുഴപ്പവും ഇല്ല. പൂർണ്ണ ആരോഗ്യത്തോടെ എല്ലാവിധ പണികളും എടുത്ത് സുഖമായിരിക്കുന്നു. അനിയത്തിയായ ഞാൻ ചേട്ടത്തിയെ ഇവിടെ കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നു. ഞാൻ കൊണ്ടുവരികയും മാതാവിന്റെ മുമ്പിൽ എന്റെ എളിയ സംഭാവനയായ വെളിച്ചെണ്ണ സമർപ്പിക്കുയും ചെയ്യുന്നു.

ഞങ്ങളുടെ മക്കൾ പ്ലസ് ടു. എസ്. എസ്. എൽ. സി. പരീക്ഷസമയത്ത് പഠിക്കാൻ നല്ല വിഷമമായിരുന്നു. ഞങ്ങൾ മാതാവിനും ഉണ്ണീശോയും ലദീഞ്ഞും നൊവേനയും ചൊല്ലാമെന്ന് നേർന്നു. ഇതിന്റെ ഫലമായ് മകന് എസ്. എസ്. എൽ. സി. പരീക്ഷയിൽ 68% മാർക്കും മകൾക്ക് പ്ലസ് ടു പരീക്ഷയിൽ 75% മാർക്കും ലഭിച്ചു. അതുപോലെതന്നെ മകന് അടുത്തുള്ള നല്ല സ്കൂളുകളിൽ രണ്ടാമത്തെ അലോട്ട്മെന്റിൽ സയൻസിന് സീറ്റ് ലഭിച്ചു. മകൾക്ക് എം.എൽ.ടി. കോഴ്സിന് സീറ്റ് ലഭിക്കുകയും ഒന്നാം വർഷപരീക്ഷയിൽ 80% മാർക്കോടെ വിജയിക്കുകയും ചെയ്തു.

നന്ദിയോടെ,

ഒരു വിശ്വാസി

---

പരിശുദ്ധ ദൈവമാതാവിന് നന്ദിയുടെ വാടാമലരുകൾ അർപ്പിക്കുന്നു. തീർത്ഥാടകമാതാവിന്റെ തിരുസ്വരൂപം ഞങ്ങളുടെ കുടുംബത്തിൽ കൊണ്ടുവന്നതിനുശേഷം കുടുംബത്തിൽ ഒരു സമാധാനം അനുഭവിക്കാൻ കഴിഞ്ഞു. വിവാഹത്തിനായി ഒരുങ്ങികൊണ്ടിരുന്ന എന്റെ മകന് ഒരുപാട് പ്രതിസന്ധികൾ ഉണ്ടായിരുന്നു. മാതാവിനോട് കണ്ണുനീരോടെ പ്രാർത്ഥിച്ചതിന്റെ ഫലമായി മാതാവ് ഞങ്ങളുടെ കുടുംബത്തിൽ അത്ഭുതം പ്രവർത്തിച്ചു. മകന്റെ വിവാഹം ഏറ്റവും മംഗളകരമായി നടന്നു. അതിനുശേഷം ഒരു കുഞ്ഞിനെ നൽകി അനുഗ്രഹിച്ചു. ഒരു വാഹനത്തിനായി പ്രാർത്ഥിച്ചു. ഒരു ബൈക്ക് വാങ്ങാൻ സാധിച്ചു. ഇതെല്ലാം പരിശുദ്ധ മാതാവ് ഞങ്ങളുടെ കുടുംബത്തിൽ ചൊരിഞ്ഞ അനുഗ്രഹം ഒന്നുകൊണ്ട് മാത്രമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. തുടർന്നും മാതാവിനോട് പ്രാർത്ഥിക്കുന്ന ഏവർക്കും അനുഗ്രഹം വർഷിക്കണെന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു

എന്ന്

**മറിയാമ്മ തോമസ്**

കളരിക്കുടി വീട്, താമരച്ചാൽ, കിഴക്കമ്പലം പി. ഒ.



എന്റെ പേര് മേഴ്സി. ഞാൻ മേലൂർ വില്ലേജിൽ താമസിക്കുന്നു. ജൂൺ 9-ാം തിയ്യതി സന്ധ്യയ്ക്ക് എന്റെ തറവാട്ടിലേയ്ക്ക് പോകുന്ന വഴിയിൽ എന്നെ പാമ്പ് കടിച്ചു. ആശുപത്രിയിൽ എത്തിച്ച എന്നെ ഐ സി യു വിൽ പ്രവേശിപ്പിച്ചു. ഞങ്ങളുടെ ഇടവകയിലെ ഭവനങ്ങളിൽ പ്രസാദവരമാതാവിന്റെ രൂപം കൊണ്ടുവരുന്ന ഫിലോമിനചേച്ചിയെ വിവരം അറിയിക്കുകയും ഫിലോമിനചേച്ചി പ്രസാദവരമാതാവിന്റെ പള്ളിയിൽ അറിയിക്കുകയും ചെയ്തു. മാതാവിന്റെ മാദ്ധ്യസ്ഥം യാചിച്ച് പള്ളിയിൽ എനിക്കായി പ്രാർത്ഥിച്ചു. മാതാവിന്റെ മാദ്ധ്യസ്ഥശക്തിയാൽ ജൂൺ 18 ന് ഞാൻ സുഖം പ്രാപിച്ച് വീട്ടിലേയ്ക്ക് പോന്നു. പരിശുദ്ധ അമ്മേ, മാതാവേ, അമ്മയ്ക്ക് ഒരായിരം നന്ദി.

---

## ഉപകാരസ്മരണ

പ്രസാദവരനാഥയോട് പ്രാർത്ഥിച്ചതിന്റെ ഫലമായി മകൾക്ക് സുഖപ്രസവം നൽകി അനുഗ്രഹിച്ചതിന് നന്ദി പറയുന്നു.

**ജയ്മോൾ പൗലോസ്,** കരപറമ്പിൽ ഹൗസ്, ഇരിങ്ങാലക്കുട



തിന്മയിൽ നിന്ന് പിന്തിരിയുവിൻ (എസ. 33/11)



# ബാലദൂത്

## സന്മനസ്സുള്ളവർക്ക് സമാധാനം

ഒരിക്കൽ ഒരു സ്കൂൾ വിദ്യാർത്ഥിയുടെ അമ്മയുടെ പക്കൽ ഒരു കത്തുകൊടുത്തുകൊണ്ട്, അവന് അവിടെ തുടർന്ന് പഠിക്കാൻ സാധ്യമല്ല എന്ന് സ്കൂൾ അധികൃതർ അറിയിച്ചു.

മകനെയുംകൂട്ടി അമ്മ വീട്ടിലേയ്ക്ക് മടങ്ങുമ്പോൾ നിഷ്കളങ്കനായ കുട്ടി അമ്മയോടു ചോദിച്ചു. അമ്മേ അവർ എന്തുകൊണ്ടാണ് എന്നെ അവിടെ പഠിക്കാൻ അനുവദിക്കാത്തത്?

സ്നേഹനിധിയായ അമ്മ മകനെ വാത്സല്യപൂർവ്വം തന്നോടു ചേർത്തുപിടിച്ചുകൊണ്ട് പറഞ്ഞു– മകനെ നീ വലിയ ആളാണ് നിന്നെ പഠിപ്പിക്കാൻ മാത്രം സംവിധാനങ്ങൾ ആ സ്കൂളിനില്ല എന്നാണ് അവർ പറയുന്നത്. അതുകൊണ്ട് മറ്റേതെങ്കിലും വലിയ ഒരു സ്കൂൾ കണ്ടുപിടിക്കണം എന്നാണ് അവരുടെ അഭിപ്രായം.

ആ വിദ്യാർത്ഥിക്ക് അവന്റെ അമ്മതന്നെ അദ്ധ്യാപികയായി അവനെ വീട്ടിലിരുത്തി പഠിപ്പിച്ചു. അമ്മ പറഞ്ഞതുപോലെ അവൻ വലിയ ആളായി മാറി. ശാസ്ത്രലോകത്തെ അത്ഭുതകരമായ കണ്ടുപിടുത്തങ്ങളുടെ മാന്ത്രികനായ തോമസ് ആൽവ എഡിസൺ എന്ന മഹാപ്രതിഭാശാലിയായി അറിയപ്പെട്ടു.

ഒരിക്കൽ പഴയ ചില പുസ്തകങ്ങൾക്കിടയിൽനിന്നും, പണ്ട് തന്റെ അമ്മയുടെ പക്കൽ സ്കൂൾ അധികാരികൾ നൽകിയ ആ പഴയ കത്ത് യാദൃച്ഛികമായി എഡിസൻ കാണാനിടയായി. അതു വായിച്ച എഡിസൻ ശരിക്കും ഞെട്ടി – നിങ്ങളുടെ മകൻ ബുദ്ധിയില്ലാത്ത കുട്ടിയാണ്. ഈ സ്കൂളിൽ അവനെ തുടർന്നു പഠിപ്പിക്കുക സാദ്ധ്യമല്ല. മകനെ തിരിച്ചറിയുവാനുള്ള അമ്മയുടെ സന്മനസ്സാണ് ലോകത്തിന് എഡിസൻ എന്ന ശാസ്ത്രജ്ഞനെ ലഭിക്കുവാൻ കാരണമായത്. സന്മനസ്സുള്ളവർ സമാധാനത്തിന്റെ ഉടമകളാണ് എന്ന് ആട്ടിടയന്മാരെ മാലാഖമാർ അറിയിച്ചു. മറ്റുള്ളവരിലെ നന്മ തിരിചറിയുവാൻ തക്ക സന്മനസ്സുണ്ടാകണമെയെന്ന് പുൽക്കൂട്ടിലെ ഉണ്ണിയോട് നമുക്ക് പ്രാർത്ഥിക്കാം. സന്മനസ്സുള്ളവർ സമാധാനം കണ്ടെത്തുക മാത്രമല്ല അവർ അനുഭവിക്കുന്ന സമാധാനം മറ്റുള്ളവർക്കുകൂടി നൽകുകയും ചെയ്യുന്നു.

തിരുപ്പിറവിയുടെ മംഗളങ്ങൾ നേർന്നുകൊണ്ട്

**നിങ്ങളുടെ ദോസ്ത്**

---

## ജീവിതം കൈകാര്യം ചെയ്യാൻ

ഞാൻ ദൈവത്തോടു ചോദിച്ചു: “ജീവിതം എങ്ങനെയാണ് കൈകാര്യം ചെയ്യുക?”

ദൈവം പറഞ്ഞു: നിന്റെ മുറി പരിശോധിക്കുക. എന്റെ ചോദ്യത്തിനുള്ള ഉത്തരം എന്റെ മുറി എനിക്കുതന്നു.

മേൽക്കൂര പറഞ്ഞു: ലക്ഷ്യം ഉയർന്നതായിരിക്കണം.

ഫാൻ പറഞ്ഞു: എപ്പോഴും കൂൾ ആയിരിക്കുക.

ക്ലോക്ക് പറഞ്ഞു: സമയം വിലപ്പെട്ടത് ആണ്.

കലണ്ടർ പറഞ്ഞു: ദിവസങ്ങൾ വിലപ്പെട്ടത് ആണ്.

പേഴ്സ് പറഞ്ഞു: ഭാവിയിലേയ്ക്ക് ഇപ്പോഴേ ശേഖരിക്കുക.

കണ്ണാടി പറഞ്ഞു: നീ ആദ്യം നിന്നെ മനസ്സിലാക്കുക.

വിളക്ക് പറഞ്ഞു: മറ്റുള്ളവർക്ക് പ്രകാശം പരത്തുക.

ഭിത്തി പറഞ്ഞു: മറ്റുള്ളവരുടെ ഭാരം കൂടെ താങ്ങുക

ജനാലകൾ പറഞ്ഞു: കാഴ്ച ദീർഘദൂരം വികസിപ്പിക്കുക

തറ പറഞ്ഞു: ഭൂമിയെ സ്നേഹിക്കുക

പടികൾ പറഞ്ഞു: എടുത്തുവയ്ക്കുന്ന ഓരോ പടികളും ശ്രദ്ധിക്കുക

ഇതെല്ലാം കേട്ട് കഴിഞ്ഞ് ഞാൻ ദൈവത്തിനോട് പറഞ്ഞു.

“നന്ദി ദൈവമേ”.




**ഉടമ്പടി ദിനാചരണം-ആളൂർ പ്രസാദവരനാഥ, ദേവാലയത്തിൽ** : ഒക്ടോബർ 15 ന് ആളൂർ പ്രസാദവരനാഥ ദേവാലയത്തിൽ അഭിവന്ദ്യ മാർ ജോസ് പുത്തൻവീട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയിൽ തീർത്ഥാടകമാതാവിന്റെ തിരുസ്വരൂപങ്ങൾ വെഞ്ചരിക്കുകയും പ്രസുദേന്തി വാഴ്ച നടത്തുകയും ചെയ്തു. വി. കുർബ്ബാനയ്ക്കുശേഷം നടത്തിയ പ്രദക്ഷിണത്തിലെ ഗ്രോട്ടോയിൽ ഫാ. ബാബു കളത്തിങ്കൽ നൊവേന ചൊല്ലുകയും നേർച്ച ഭക്ഷണം ആശീർവ്വദിക്കുകയും ചെയ്തു.

**ഉടമ്പടി ദിനാചരണം-കുറ്റൂർ പ്രസാദവരനാഥയിൽ** : ഷേൺസ്റ്റാട്ട് കപ്പേളയുടെ തിരുനാൾ ദിനമായ ഒക്ടോബർ 18 ന് തൃശ്ശൂർ അതിരൂപതാ വികാരി ജനറാൾ സിയോൻ സെന്റർ ചാപ്പലിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്നുള്ള ജപമാലപ്രദക്ഷിണം കപ്പേളയുടെ മുന്നിൽ വി. കുർബ്ബാനയുടെ വാഴ്വോടെ സമാപിച്ചു. കൊട്ടേക്കാട് ഫൊറോന വികാരി റവ. ഫാ. പോൾസൺ തട്ടിൽ വി. കുർബ്ബാനയുടെ ആശീർവ്വാദം നൽകി. തുടർന്ന് ഫാ. തേജസ് പീടികത്തുണ്ടിയിൽ എഴുതി സംവിധാനം ചെയ്ത 'മധുരം നിൻ ജീവിതം' എന്ന മരിയൻ നാടകം ഏവർക്കും ഒരു നയന മധുരവിരുന്നായിരുന്നു.

**ജനറൽ സുപ്പീരിയറിന്റെ സന്ദർശനം കുറ്റൂർ ഷേൺസ്റ്റാട്ട് അക്കാദമിയിൽ** : ഒക്ടോബർ 23 ന് കേരള ഷേൺസ്റ്റാട്ട് പ്രൊവിൻഡൻസ് പ്രവിശ്യയിലെ വൈദികർക്ക് വാർഷിക ധ്യാനം നൽകുവാനായി വന്ന ഷേൺസ്റ്റാട്ട് ജനറൽ സുപ്പീരിയർ റവ. ഫാ. ഹുവാൻ പാബ്ലോ കുറ്റൂരിലെ ഷേൺസ്റ്റാട്ട് അക്കാദമി സന്ദർശിച്ചു. ഊഷ്മളമായ സ്വീകരണമാണ് പ്രിൻസിപ്പാളച്ചന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ ജനറൽ സുപ്പീരിയറിന് നൽകിയത്.

**ഹോംഡേ, പാരന്റ്സ് ഡെ, ന്യൂ പ്രീസ്റ്റ് ഡേ ആളൂർ മേരി മാതാ ഷേൺസ്റ്റാട്ട് ഭവനിൽ** : മേരിമാത ഷേൺസ്റ്റാട്ട് ഭവനിലെ ഹോം ഡേ നവംബർ മാസം 26-ാം തിയ്യതി ശനിയാഴ്ച ആഘോഷിച്ചു. രാവിലെ അർപ്പിച്ച സമൂഹബലിക്ക് മൈനർ സെമിനാരി റെക്ടർ ഫാ. ജസ്റ്റിൻ വടക്കയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് ഷേൺസ്റ്റാട്ട് ഭവനവുമായി പലതരത്തിൽ ബന്ധമുള്ള ഒട്ടനവധി നല്ല മനസ്സുകളോടൊപ്പം അനുഗ്രഹങ്ങൾ ചൊരിഞ്ഞ ദൈവത്തിനു നന്ദിപറഞ്ഞു കൊണ്ട് പ്രാർത്ഥനയും തുടർന്ന് സ്നേഹവിരുന്നും ഉണ്ടായിരുന്നു.

അന്നു വൈകീട്ട് വൈദികാർത്ഥികളുടെ മാതാപിതാക്കളുടെ ഒത്തുചേരൽ ഉണ്ടായിരുന്നു. 27-ാം തിയ്യതി രാവിലെ അഭിവന്ദ്യ മാർ. ജേക്കബ് തൂങ്കുഴി പിതാവ് വി. കുർബ്ബാന അർപ്പിച്ചു. കുടുംബത്തിൽ ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയും വൈദീകപരിശീലനത്തിന് മാതാപിതാക്കളുടെ പങ്കും, ഉത്തരവാദിത്വവും ബോധ്യപ്പെടുത്തികൊണ്ട് അഭിവന്ദ്യ പിതാവ് സന്ദേശം നൽകി. പിറ്റേ ദിവസം വൈകീട്ട് ഈ മൈനർ സെമിനാരിയിൽ മൂന്നുവർഷക്കാലം തങ്ങളുടെ പ്രാരംഭ വൈദികപരിശീലനം പൂർത്തിയാക്കിയ നവവൈദികരായ റിജോ തുളുവത്ത് ഷിജോ പൊട്ടത്തുപ്പറമ്പൻ, ബിബിൻ പറമ്പി തുടങ്ങിയ നവവൈദികർക്ക് ഷേൺസ്റ്റാട്ട് മേരിമാതാ ഭവൻ സമുചിതമായി സ്വീകരണം നൽകി. നവവൈദികർ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

**സാധുപഠനസഹായനിധി-ക്രിസ്തുമസ്സ് ആഘോഷം** :

നവംബർ 27 ന് ആളൂർ മേരിമാതാ ഷേൺസ്റ്റാട്ട് ഭവനിൽ വച്ച് ഉച്ചത്തിരിഞ്ഞ് 02.00 മണിക്ക് ബഹു. ബിനേഷച്ചന്റെ നേതൃത്വത്തിൽ സാധുപഠനസഹായനിധിയിലെ അംഗങ്ങളെല്ലാം ഒത്തുച്ചേർന്ന് ക്രിസ്തുമസ്സ് ആഘോഷിക്കുകയുണ്ടായി. ഏവർക്കും ബിനേഷച്ചൻ ക്രിസ്തുമസ്സ് സന്ദേശവും സമ്മാനവും നൽകുകയുണ്ടായി.

**(ഫോട്ടോകൾക്ക് ഫ്രണ്ട് ഇന്നർ പേജും
ബാക്ക് ഇന്നർ പേജും കാണുക)**



# ഹൃദയമൊഴി

റവ. ഡോ. ജോയ് പുതുശ്ശേരി ISch

## മനുഷ്യനാവുക

"**ക്രി**സ്തുമസ് ആഘോഷങ്ങൾക്കുള്ള ഒരുക്കങ്ങൾ നടക്കുന്ന സമയം സ്കൂളിലെ ആഘോഷങ്ങളുടെ ഭാഗമായി മാതാവും, യൗസേപ്പിതാവും കൂടി ഉണ്ണീശോയ്ക്ക് പിറക്കാൻ ഇടംതേടിപോകുന്ന (Shelter Seeking) രംഗം നാടകമായി അഭിനയിക്കാൻ സ്കൂളധികാരികൾ തീരുമാനിച്ചു. ഓരോ കുട്ടിക്കും പലതരത്തിലുള്ള റോളുകൾ ലഭിച്ചു. കൊച്ചു ടോമിന് ലഭിച്ചത് സത്രഉടമയുടെ ഭാഗമായിരുന്നു. മാതാവും യൗസേപ്പിതാവും സ്ഥലം അന്വേഷിച്ച് വരുമ്പോൾ സ്ഥലമില്ലായെന്നു പറഞ്ഞ് തിരികെ അയക്കുന്ന രംഗം. പ്രാക്ടീസ് സമയത്തെല്ലാം ടോം നന്നായി അവന്റെ ഭാഗം അവതരിപ്പിച്ചു. നാടകം അവതരിപ്പിക്കേണ്ട ദിവസം വന്നു. മാതാവും യൗസേപ്പിതാവും സ്ഥലം അന്വേഷിച്ച് വന്നപ്പോൾ ടീച്ചേഴ്സ് പഠിപ്പിച്ചിരുന്നപോലെ തന്നെ സത്രത്തിൽ സ്ഥലമില്ലായെന്നും, വേറെയെവിടെങ്കിലും പോയി സ്ഥലമന്വേഷിക്കണമെന്നും പറഞ്ഞ് ടോം അവരെ തിരിച്ചയച്ചു. മാതാവും യൗസേപ്പിതാവും സങ്കടപ്പെട്ട് തിരിച്ച് പോവുന്നത് കണ്ടപ്പോൾ



കൊച്ച് ടോമിന് വിഷമം തോന്നി ജനാലയിലൂടെ തലപുറത്തിട്ട് കൊച്ച് ടോം പറഞ്ഞു. "നാടകമായതിനാലാണ് ഞാൻ സ്ഥലമില്ലായെന്ന് പറഞ്ഞത് നാടകം കഴിഞ്ഞ് വരികയാണെങ്കിൽ ഞാൻ നിങ്ങളെയെന്റെ വീട്ടിലേക്ക് കൂട്ടികൊണ്ടു പോകാം. എന്റെ മുറി നിങ്ങൾക്ക് തരാം".

ക്രിസ്തുമസ് കാലത്ത് ഇത്തരമൊരു കഥ വളരെ അർത്ഥവത്താണ് മനുഷ്യനായിരിക്കുന്നതിന്റെ മഹത്വം വിളിച്ചോതുന്നതാണ് തിരുപ്പിറവി. മാനുഷിക മൂല്യങ്ങൾ ഒരിക്കൽ കൂടെ വിചിന്തനത്തിന് ഇടയാക്കുന്നു. തന്റെ വാക്കിലൂടെയും പ്രവർത്തിയിലൂടെയും ഫ്രാൻസിസ് പാപ്പ ലോകത്തിന് നൽകുന്ന വലിയൊരു സന്ദേശവുമാണിത്. മാനുഷീകതയിലൂടെ ദൈവീകതയിലേയ്ക്കുയരുക. **സമൂഹത്തിൽനിന്നു തഴയപ്പെട്ടവരെയും അവഗണിക്കപ്പെട്ടവരെയും മനുഷ്യരായ് കാണുമ്പോൾ ദൈവികതയിലേയ്ക്കാണ് നാം ഉയരുകയെന്നാണ് പാപ്പാ പഠിപ്പിക്കുന്നത്.**

കർദ്ദിനാൾ ബാർഗോളിയോ അർജന്റീനായിലെ ബോനസ് അയറസ് അതിരൂപതയിലെ പിതാവായിരുന്ന കാലത്ത് കത്തീഡ്രലിന് പുറത്ത് ഭിക്ഷ യാചിച്ചിരുന്ന സ്ത്രീക്ക് അവരുടെ ജന്മദിനത്തിന് ഒരു സമ്മാനം നൽകുക പതിവായിരുന്നു. മാർപാപ്പാ ആയതിനുശേഷവും ആ യാചകിയുടെ ജന്മദിനത്തിൽ കേക്കും സമ്മാനവും തന്റെ പേരിൽ നൽകാൻ പാപ്പാ ആവശ്യപ്പെട്ടത് ഒത്തിരിപേരെ അത്ഭുതപ്പെടുത്തി. മാനുഷിക നിറഞ്ഞ് നിൽക്കുന്ന തന്റെ ഓരോ ചെറിയ പ്രവർത്തനത്തിലൂടെയും ദൈവികതയുടെ വെള്ളിവെളിച്ചം പാപ്പാ ലോകത്തിന് കാണിച്ച് കൊടുക്കുന്നു.

മനുഷ്യരോടൊപ്പമായിരുന്ന് മനുഷ്യരെ ദൈവത്തിലേയ്ക്ക് അടുപ്പിച്ച ദൈവം, മറ്റുള്ളവരോട് നാം മാനുഷികതയോടെ പെരുമാറുമ്പോൾ നാം നമ്മെതന്നെ ദൈവീകതയിലേയ്ക്കുയർത്തുന്നു. അങ്ങനെ മറ്റുള്ളവർക്ക് നമ്മൾ മാനുഷികത തുളുമ്പുന്ന ദൈവീകതയുടെ പ്രതിരൂപങ്ങളായി മാറുകയും ചെയ്യുന്നു.